സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂലൈ 13 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## സംസ്ഥാനത്ത് പെൻഷൻ വിതരണം നാളെ മുതൽ ആരംഭിക്കും



തിരുവനന്തപുരം: സംസ്ഥാനത്ത് പെൻഷൻ വിതരണം നാളെ മുതൽ ആരംഭിക്കും. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുവേണ്ടി 768 കോടി രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നതിനായി 106 കോടി രൂപയും ഉൾപ്പെടെ 874 കോടി രൂപ അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. സംസ്ഥാനത്തെ 60 ലക്ഷത്തിലധികം ആളുകൾക്ക് 1600 രൂപ വീതമാണ് പെൻഷൻ നൽകുന്നത്. ജൂലൈ 14 മുതൽ പെൻഷൻ വിതരണം ആരംഭിക്കും.

സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമെന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ പറഞ്ഞിരുന്നു. കേന്ദ്രസർക്കാരിന്റെ നിലപാടുകളെ നിശിതമായി വിമർശിച്ചാണ് ധനമന്ത്രി കെഎൻ ബാലഗോപാൽ മാധ്യമങ്ങളോട് സംസാരിച്ചത്. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനുമായി കൂടിക്കാഴ്ച നടത്തിയ ശേഷമായിരുന്നു സംസ്ഥാന ധനമന്ത്രിയുടെ പ്രതികരണം.

കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ചില ഫണ്ടുകൾ കിട്ടാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തിനെതിരെ കേന്ദ്രസർക്കാരിന്റെ വിവേചനപരമായ നടപടി അവസാനിപ്പിക്കണമെന്ന് നിർമല സീതാരാമനോട് ആവശ്യപ്പെട്ടു.

നികുതി വിഹിതത്തിൽ കേരളത്തോട് വിവേചനപരമായ നിലപാടാണ് കേന്ദ്ര സർക്കാരിന്റേതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. നേരത്തെ കേരളത്തിന് 3.9 ശതമാനമായിരുന്നു കേന്ദ്രത്തിൽ നിന്ന് നികുതി വിഹിതം ലഭിച്ചത്. ഇതിപ്പോൾ 1.92 ശതമാനമായി കുറച്ചിരിക്കുകയാണ്. ജി എസ്ടി നടപ്പിലാക്കുമ്പോൾ നൽകാവുന്ന നഷ്ടപരിഹാരം കേന്ദ്രം നിർത്തിയതും കേരളത്തിന് തിരിച്ചടിയായി. ഒപ്പം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുകയും ചെയ്തത് അദ്ദേഹം വിമർശിച്ചു.

കിഫ്ബിയും പെൻഷൻ പദ്ധതിയും എടുത്ത ലോണിന്റെ പേരിലുമാണ് കേന്ദ്രം വായ്പാ പരിധി വെട്ടിക്കുറക്കുന്നത്. ഇതിലൂടെ 30000 കോടി രൂപയുടെ വരുമാന നഷ്ടം സംസ്ഥാനത്തിന് ഉണ്ടായി. നികുതി വരുമാനത്തിൽ വൻ കുറവാണ് ഉണ്ടായിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അതേ സമയം സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില കുത്തനെ കുതിച്ചുയരുകയാണ്.

## പ്രതികളുടെ ഫോട്ടോ എടുക്കുന്നത് എങ്ങനെ കൃത്യനിർവഹണം തടയലാകും?




കൊച്ചി: മാധ്യമ പ്രവർത്തകർ പ്രതികളുടെ ഫോട്ടോ എടുക്കുന്നത് എങ്ങനെ ഔദ്യോഗിക കൃത്യ നിർവഹണം തടസപ്പെടുത്തലാകുമെന്ന് ഹൈക്കോടതി. തിരിച്ചറിയൽ പരേഡ് നടത്തണമെങ്കിൽ പ്രതിയുടെ മുഖം മറച്ച് കൊണ്ടുവരണം.പ്രതിയുടെ ചിത്രം എടുക്കുന്നത് മാധ്യമ പ്രവർത്തകന്റെ ജോലിയാണ്.

ഇതിന്റെ പേരിൽ മാതൃഭൂമി ന്യൂസിന്റെ കാമറ ഹാജരാക്കാൻ ആവശ്യപ്പെടുന്നത് എന്തിനാണെന്നും ഹൈക്കോടതി ചോദിച്ചു. ട്രെയിൻ തീവയ്പ്പ് കേസ് പ്രതി ഷാരൂഖ് സെയ്ഫിയുടെ ദൃശ്യം എടുത്തതിനാണ് ജാമ്യമില്ലാ കുറ്റം ചുമത്തി പൊലിസ് കേസ് എടുത്തത് ചോദ്യം ചെയ്തുള്ള ഹരജിയിലാണ് കോടതി വിമർശനം. പ്രതി ചേർക്കാതെ മാധ്യമ പ്രവർത്തകരെ നിരന്തം നോട്ടിസ് നൽകി വിളിപ്പിക്കുന്നു. മാധ്യമ പ്രവർത്തകർക്ക് പല വിവരങ്ങളും കിട്ടും.അത് കണ്ടെത്താൻ ഫോൺ പിടിച്ചെടുക്കുന്ന പരിപാടി ശരിയല്ല.

മാധ്യമ പ്രവർത്തകരുടെ ഫോൺ പിടിച്ചെടുക്കുന്നത് ഫോർത്ത് എസ്റ്റേറ്റ് സങ്കൽപത്തിന് എതിരാണെന്നും കോടതി വ്യക്തമാക്കി.

മാതൃഭൂമി നൽകിയ പരാതി ഡി.ജി.പി പരിഗണിക്കണമെന്നും കോടതി വ്യക്തമാക്കി. മാതൃഭൂമി പ്രതിനിധിയെ കേട്ട് ഇതിൽ തീരുമാനം എടുക്കണമെന്നും ജസ്റ്റിസ് പി.വി കുഞ്ഞികൃഷ്ണൻ വ്യക്തമാക്കി.

## മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കണം:യൂറോപ്യൻ പാർലമെന്റ്

മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കണമെന്ന് യൂറോപ്യൻ പാർലമെന്റ്. സ്ട്രാസ്ബർഗിൽ നടന്ന പ്ലീനറി സമ്മേളനത്തിലാണ് ഇത് സംബന്ധിച്ച് ആവശ്യമുയർന്നത്. മണിപ്പൂർ ഇന്ത്യയുടെ ആഭ്യന്തര വിഷയമാണെന്നും ബാഹ്യശക്തികളുടെ ഇടപെലുകൾ ആവശ്യമില്ലെന്നും ചർച്ചയ്ക്ക് മുന്നോടിയായി ഇന്ത്യ വ്യക്തമാക്കിയിരുന്നു.

മണിപ്പൂർ വിഷയം ഇന്ത്യ അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യണമെന്നും വിഷയത്തിൽ എത്രയും പെട്ടെന്ന് നടപടിയുണ്ടാവണമെന്നും പാർലമെന്റ് ആവശ്യപ്പെട്ടു. 'ഇന്ത്യയിലെ മനുഷ്യാവകാശ ലംഘനങ്ങൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. മാധ്യമസ്വാതന്ത്ര്യം രാജ്യത്ത് ഹനിക്കപ്പെട്ടു, നിരവധി മാധ്യമപ്രവർത്തകർ അറസ്റ്റിലായി. മനുഷ്യർ തമ്മിലുള്ള വേർതിരിവും വെറുപ്പും അധികരിച്ചു. മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കുന്നതിലാവണം നമ്മുടെ ലക്ഷ്യം.

അന്താരാഷ്ട്ര തലത്തിൽ പരസ്പര സഹകരണം ഇതിനാവശ്യമാണ്. ഇതിനായി സുതാര്യമായ ഇടപെടലുകൾ നടത്തുന്നതിന് ഇന്ത്യ അവസരമൊരുക്കണം'. പാർലമെന്റ് വിലയിരുത്തി.

## വീടിന് മുന്നിൽ സ്കൂൾ ബസിടിച്ച് രണ്ടാം ക്ലാസ് വിദ്യാർഥിനി മരിച്ചു



തൃശൂർ: വേലൂരിൽ സ്കൂൾ വാനിടിച്ച് വിദ്യാർഥിനി മരിച്ചു. തൃശൂർ വേലൂരിൽ നാലു മണിയോടെയാണ് അപകടമുണ്ടായത്. പണിക്കവീട്ടിൽ രാജൻ വിദ്യ ദമ്പതികളുടെ മകൾ ദിയ (08) ആണ് മരിച്ചത്. വീടിന് മുന്നിൽ വെച്ചാണ് അപകടം. തലക്കോട്ടുക്കര ഒയിറ്റ് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർഥിയാണ് ദിയ.സ്കൂൾ വാനിറങ്ങിയ ഉടനെ കുട്ടി റോഡിന് കുറുകെ കടക്കുമ്പോഴായിരുന്നു അപകടം. സ്കൂൾ വാനിൽ നിന്നിറങ്ങിയ ദിയ വാനിനു മുമ്പിലൂടെ റോഡ് മുറിച്ചു കടക്കുകയായിരുന്നു.

കുട്ടി ക്രോസ് ചെയ്തത് അറിയാതെ വാഹനം മുന്നോട്ടെടുത്തപ്പോൾ ഇടിയേറ്റ് താഴെ വീഴുകയായിരുന്നു. ഉടൻ തന്നെ കുട്ടിയെ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. ശില്പ, നിത്യ എന്നിവർ സഹോദരിമാരാണ്.

## ഏകീകൃത സിവിൽ കോഡ്; സെമിനാറിൽ പങ്കെടുക്കില്ലെന്ന് പന്ന്യൻ രവീന്ദ്രൻ



മലപ്പുറം: ഏകീകൃത സിവിൽ കോഡുമായി ബന്ധപ്പെട്ട് സിപിഎം സംഘടിപ്പിക്കുന്ന സെമിനാറിൽ താൻ പങ്കെടുക്കില്ലെന്ന് മുതിർന്ന സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ. നേരത്തെ തീരുമാനിച്ച പരിപാടികൾ ഉള്ളതുകൊണ്ടാണ് പങ്കെടുക്കാത്തതെന്നും തന്നെ അറിയിക്കാതെയാണ് പാർട്ടി തന്റെ പേര് നിർദ്ദേശിച്ചതെന്നും അദ്ദേഹം പറഞ്ഞു.

കൊട്ടാരക്കാരയിലും എറണാകുളത്തും മറ്റ് പരിപാടികൾ ഉണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു. സിപിഎം സെമിനാറിൽ മുസ്ലിം ലീഗ് പങ്കെടുക്കുന്നതിൽ അതൃപതിയുടെ വിഷയം ഉദിക്കുന്നില്ല. സിപിഐ പ്രതിനിധിയായി ഇകെ വിജയൻ സെമിനാറിൽ പങ്കെടുക്കും. കേരളത്തിൽ എല്ലാവരും ഒരുമിച്ചുള്ള പരിപാടികൾ എളുപ്പമല്ലെന്നും എന്നാൽ എല്ലാവർക്കും ഒരേ നിലപാടാണെന്നും പന്ന്യൻ രവീന്ദ്രൻ പറഞ്ഞു.

ഏകീകൃത സിവിൽ കോഡ് വിഷത്തിൽ ഏകപക്ഷീയമായി സിപിഎം പ്രഖ്യാപിച്ച സമര പരിപാടികളിൽ തന്ത്രപരമായി നിലപാടെടുക്കുകയാണ് സിപിഐ. ഈ മാസം 15 നാണ് കോഴിക്കോട്ട് സെമിനാർ നിശ്ചയിച്ചിരിക്കുന്നത്. സെമിനാറിലേക്ക് പാർട്ടി ജില്ലാ നേതാക്കളെ മാത്രം അയക്കാനാണ് സിപിഐ നേതൃത്വത്തിന്റെ തീരുമാനം. മുന്നണിയിൽ കൂടിയാലോചിക്കാതെ എടുത്ത തീരുമാനത്തിലും മുസ്ലിം ലീഗിനെ സഹകരിപ്പിക്കാനുള്ള നീക്കത്തിലും കടുത്ത അതൃപ്തിയാണ് സിപിഐ സംസ്ഥാന നേതൃത്വത്തിന് ഉള്ളത്. അതുകൊണ്ട് തന്നെ പ്രതിഷേധം അറിയിക്കുന്നതിന് ഒപ്പം മുന്നണിയിൽ നിസ്സഹകരിച്ചെന്ന തോന്നലുണ്ടാകാതിരിക്കാൻ കൂടിയാണ് സിപിഐ ഇടപെടൽ. ദേശീയ കൗൺസിൽ നടക്കുന്നതിനാൽ നേതാക്കൾ ദില്ലിയിലാകുമെന്ന ന്യായീകരണമാണ് നേതൃത്വം നൽകുന്നത്.

## സംസ്ഥാനത്ത് മഴ വീണ്ടും സജീവമാകും; ആറ് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അതിതീവ്രമഴക്ക് ശമനമായെങ്കിലും കാലവർഷം തുടരും. ദിവസങ്ങളുടെ ഇടവേളക്ക് ശേഷം മഴ വീണ്ടും സജീവമാകുമെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകുന്നു. ആറ് ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

മൂന്ന് ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അവധി ആയിരിക്കുമെന്ന് അതാത് ജില്ലാ കലക്ടർമാർ അറിയിച്ചു.

## യമുനയിൽ ജലനിരപ്പ് സർവകാല റെക്കോർഡിൽ

# ഡൽഹി വെള്ളപ്പൊക്ക ഭീഷണിയിൽ

### താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ

ന്യൂഡൽഹി: യമുനയിലെ ജലനിരപ്പ് മുൻപെങ്ങുമില്ലാത്തവിധം ഉയർന്നു. ഇതോടെ ഡൽഹി വെള്ളപ്പൊക്ക ഭീഷണിയിലാണ്. നിരവധി താഴ്ന്ന പ്രദേശങ്ങൾ ഇപ്പോൾ തന്നെ വെള്ളത്തിലാണ്. അപകടനിലയേക്കാൾ മൂന്ന് മീറ്റർ ഉയരത്തിലാണ് യമുനയിലിപ്പോൾ ജലനിരപ്പ്. ഇപ്പോഴത്തെ ജലനിരപ്പ് 208.46 മീറ്ററായി. ഇത് സർവകാല റെക്കോർഡാണ്. ഇതിനു മുൻപ് 1978 ലാണ് ജലനിരപ്പ് 207 മീറ്റർ കടന്നത്. മഴയ്‌ക്കൊപ്പം ഹരിയാനയിലെ ഹഥിനിക്കുണ്ഡ് അണക്കെട്ടിൽ നിന്ന് വെള്ളം തുറന്നുവിടുന്നതുമാണ് അപകടകരമായ സാഹചര്യത്തിന് കാരണം. സാഹചര്യം ആശങ്കാജനകമെന്ന് കേന്ദ്ര ജല കമ്മീഷൻ മുന്നറിയിപ്പു നൽകി. നദിയിലേക്കുള്ള നീരൊഴുക്ക് രാവിലെ വരെ തുടരുമെങ്കിലും ഉച്ചയോടെ താഴുമെന്നാണ് ജല കമ്മീഷൻ നൽകുന്ന വിവരം. 16,500 പേരെ ഇതിനോടകം മാറ്റി പാർപ്പിച്ചിട്ടുണ്ട്.

യമുനയിലെ ജലനിരപ്പ് രാത്രിയിൽ കൂടുതൽ ഉയർന്നതോടെ വീടുകളും റോഡുകളും വെള്ളത്തിനടിയിലായിരിക്കുകയാണ്. സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. .ഹരിയാനയിലെ ഹഥിനികുണ്ഡ് ബാരേജ് നദിയിലേക്ക് വെള്ളം തുറന്നുവിടുന്നത് തുടരുന്നതിനാൽ ജലനിരപ്പ് ഇനിയും ഉയരാനാണ് സാധ്യത. ബാരേജിൽ നിന്നുള്ള വെള്ളം തുറന്നുവിടുന്നത് തടയണമെന്ന് അരവിന്ദ് കെജ്രിവാൾ സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബാരേജിൽ നിന്ന് അധിക വെള്ളം തുറന്നുവിടേണ്ടതുണ്ട് എന്നാണ് കേന്ദ്രം മറുപടി നൽകിയത്.

ഡൽഹിയിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാണ്. യമുന ബസാർ, മൊണസ്ട്രി മാർക്കറ്റ്, ഗീതാ ഘട്, ഓൾഡ് റെയിൽവെ ബ്രിഡ്ജ് മേഖലയിലെല്ലാം വെള്ളപ്പൊക്കമാണ്. സാഹചര്യം പരിഗണിച്ച് ഗീത കോളനി ശ്മശാനം അടച്ചു. വടക്കൻ ഡൽഹിയിലെ റിങ് റോഡിൽ വെള്ളം കയറിയതിനെത്തുടർന്ന് ഗതാഗത തടസ്സമുണ്ടായി. ഡൽഹിയിലെ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന 47 കിലോമീറ്റർ നീളമുള്ള ഔട്ടർ റിങ് റോഡ് പ്രധാന ഗതാഗത പാതയാണ്. മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ വസതിക്ക് സമീപം വരെ വെള്ളം കയറിയിട്ടുണ്ട്.

ദുരന്ത സാഹചര്യം കണക്കിലെടുത്ത് യമുന നദിക്ക് സമീപമുള്ള താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരോട് ഒഴിഞ്ഞു പോകാൻ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ അഭ്യർത്ഥിച്ചു. സ്ഥിതിഗതികൾ വഷളാകുന്നതിനെക്കുറിച്ച് സർക്കാർ ദേശീയ ദുരന്ത നിവാരണ



**യമുനയിൽ വെള്ളം ഉയർന്നതിനെത്തുടർന്ന് ഡൽഹിയിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലാപ്പോൾ**

സേനയെ (എൻഡിആർഎഫ്) അറിയിച്ചിട്ടുണ്ടെന്നും കെജ്‌രിവാൾ അറിയിച്ചു. യമുനയിലെ ജലനിരപ്പ് ക്രമാതീതമായി വർധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ആവശ്യമെങ്കിൽ സ്കൂളുകൾ ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റാനും മുഖ്യമന്ത്രി നിർദേശം നൽകിയിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിലെ 10 സ്കൂളുകൾക്ക് ഇന്ന് അവധിയാണ്. പകരം ഓൺലൈൻ ക്ലാസുകൾ നടത്തും.

യമുനയുടെ ജല നിരപ്പ് ഇനിയും ഉയരാതിരിക്കാൻ ഹഥിനിക്കുണ്ഡ് അണക്കെട്ടിൽ നിന്ന് മിതമായ നിരക്കിൽ മാത്രം വെള്ളം തുറന്നുവിടണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കെജ്‌രിവാൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തയച്ചിരുന്നു. രാത്രി ഹഥിനിക്കുണ്ഡ് അണക്കെട്ടിൽ നിന്ന് നിന്ന് 1,47,857 ക്യുസെക്സ് വെള്ളമാണ് തുറന്നുവിട്ടത്. ഹഥിനിക്കുണ്ഡ് അണക്കെട്ടിൽ പരിമിതമായ അളവിലെ ജലം സംഭരിക്കാൻ സാധിക്കുകയുള്ളൂവെന്നും നീരൊഴുക്ക് കൂടുന്നതിനനുസരിച്ച് ജലം താഴേയ്ക്ക് തുറന്ന് വിടുമെന്നും കേന്ദ്ര ജല കമ്മീഷൻ വ്യക്തമാക്കി.

ഓൾഡ് ഡൽഹിയിൽ പ്രളയം ഏറ്റവും കൂടുതൽ നാശം വിതച്ച പ്രദേശങ്ങളായതിനാൽ നിഗംബോധ് ഘട്ട് ശ്മശാനസ്ഥലം ഉപയോഗിക്കരുതെന്നും ജനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ സേനയുടെ 12 ടീമുകൾ രക്ഷാപ്രവർത്തനത്തിനായി രംഗത്തുണ്ട്. വെള്ളപ്പൊക്ക സാധ്യത കണക്കിലെടുത്ത് പ്രദേശത്ത് ആവശ്യമായ മുൻകരുതൽ സ്വീകരിച്ചു വരുന്നതായി അധികൃതർ അറിയിച്ചു. തീര പ്രദേശങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയാണ്. അതേ സമയം ഗംഗ നദിയിലും ജലനിരപ്പ് ഉയരുന്നത് കണക്കിലെടുത്ത് പശ്ചിമ യുപിയിലും ജാഗ്രതാ നിർദേശം നൽകിയിരിക്കുകയാണ്.

## ബംഗളൂരു യോഗത്തിൽ പങ്കെടുക്കുന്ന പാർട്ടികളുടെ എണ്ണം 24 ആയി

ന്യൂഡൽഹി: ബംഗളൂരുവിൽ ഈമാസം 17, 18 തീയതികളിൽ ചേരുന്ന പ്രതിപക്ഷപ്പാർട്ടികളുടെ യോഗത്തിലേക്ക് എട്ടുപാർട്ടികൾ കൂടിയെത്തും. രണ്ടു പഴയ എൻ.ഡി.എ സഖ്യകക്ഷികളടക്കം എട്ട് പാർട്ടികൾക്ക് ആതിഥേയരായ കോൺഗ്രസ് ക്ഷണക്കത്തയച്ചു. മറുമലർച്ചി ദ്രാവിഡ മുന്നേട്ര കഴകം, കൊങ്കുദേശ മക്കൾ കച്ചി, വിടുതലൈ ചിരുതൈങ്കൾ കച്ചി, മുസ് ലിം ലീഗ്, കേരള കോൺഗ്രസ് (മാണി), കേരള കോൺഗ്രസ് (ജോസഫ്), ആർ.എസ്.പി, ആൾ ഇന്ത്യാ ഫോർവേഡ് ബ്ലോക്ക് എന്നീ എട്ട് പാർട്ടികളെയാണ് യോഗത്തിലേക്ക് ക്ഷണിച്ചിരിക്കുന്നത്. ഇതോടെ ബംഗളൂരുവിലെ യോഗത്തിൽ പങ്കെടുക്കുന്ന പ്രതിപക്ഷ പാർട്ടികളുടെ എണ്ണം 24 ആയി ഉയരും.

2014ലെ തെരഞ്ഞെടുപ്പിൽ മറുമലർച്ചി ദ്രാവിഡ മുന്നേട്ര കഴകം, കൊങ്കു ദേശ മക്കൾ കച്ചി എന്നീ പാർട്ടികൾ ബി.ജെ.പിയുടെ സഖ്യകക്ഷികളായിരുന്നു. പാട്നയിൽ നടന്ന ആദ്യ യോഗത്തിൽ 16 പാർട്ടികളെ ക്ഷണിച്ചിരുന്നുവെങ്കിലും 15 പാർട്ടികളാണ് പങ്കെടുത്തത്. വ്യക്തിപരമായ തിരക്കുകൾ മൂലം ആർ.എൽ.ഡിയുടെ ജയന്ത് ചൗധരിക്ക് യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. 17ന് അത്താഴ വിരുന്നോടെയാകും യോഗം ആരംഭിക്കുക.

ഡൽഹി സർവിസ് ഓർഡിനൻസിൽ പരസ്യ നിലപാട്



സ്വീകരിക്കാത്ത കോൺഗ്രസ് നടപടിയിൽ പ്രതിഷേധിച്ച് യോഗത്തിൽ നിന്ന് വിട്ട് നിൽക്കാനാണ് ആം ആദ്മി പാർട്ടി തീരുമാനമെങ്കിലും അനുനയിപ്പിക്കാൻ കോൺഗ്രസ് നീക്കം തുടങ്ങിയിട്ടുണ്ട്. ഡൽഹി ഓർഡനൻസ് വിഷയത്തിൽ പാർലമെന്റിലാണ് നിലപാട് സ്വീകരിക്കേണ്ടത്. പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിന് മുമ്പ് നിലപാട് വ്യക്തമാക്കുമെന്നും കോൺഗ്രസ് വൃത്തങ്ങൾ പറഞ്ഞു. ബംഗളൂരുവിലെ യോഗം പ്രതിപക്ഷ സഖ്യത്തിന്റെ കൂടുതൽ ഘടനപരമായ യോഗമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമിനിമം പരിപാടി സംബന്ധിച്ച കുടുതൽ വ്യക്തത ഈ യോഗത്തിലുണ്ടാകും.

എന്നാൽ, പൊതു മിനിമം പരിപാടിയുടെ നേതൃപരമായ ചുമതല വഹിച്ചിരുന്ന എൻ.സി.പി നേതാവ് ശരത് പവാർ പാർട്ടിയിലെ പിളർപ്പുമായി ബന്ധപ്പെട്ട തിരക്കുകളിലായതിനാൽ ഇത് സംബന്ധിച്ച ചർച്ചകൾ എവിടെയെത്തിയെന്ന കാര്യത്തിൽ വ്യക്തതയില്ല. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള തന്ത്രങ്ങൾക്ക് ഈ യോഗത്തിൽ രൂപം നൽകുമെന്ന് പ്രതിപക്ഷ നേതാക്കൾ വ്യക്തമാക്കി.

# നോർക്കയിലും കേരള പ്രവാസി ക്ഷേമബോർഡിലും 50 ശതമാനം തൊഴിൽ സംവരണം വേണമെന്നാവശ്യം

തിരുവനന്തപുരം: പ്രവാസികളെ സഹായിക്കാനായി കേരള സർക്കാരിന്റെ സംരംഭമായ നോർക്കയിലും കേരള പ്രവാസി ക്ഷേമബോർഡിലും 50 ശതമാനം തൊഴിൽ സംവരണം ആവശ്യമാണെന്നാവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ പ്രമേയം. പ്രവാസി ലീഗൽ സെൽ തിരുവനന്തപുരം മേഖല ഓഫിസ് ഉദ്ഘാടന ചടങ്ങിലാണ് പ്രസ്തുത പ്രമേയം അവതരിപ്പിച്ചത്. പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കേരളത്തിലെ മുൻ ഡിജിപിയും മുഖ്യ വിവരാവകാശ കമ്മീഷണറുമായിരുന്ന ഡോ. സിബി മാത്യൂസാണ് തിരുവനന്തപുരം മേഖല ഓഫീസ് ഉദ്ഘാടന കർമം നിർവഹിച്ചത്. പ്രമുഖ മനുഷാവകാശ പ്രവർത്തകനായ ജോയ് കൈതാരം മുഖ്യാതിഥി ആയിരുന്നു.

Pravasi Legal Cell
Empowering People on Legal Front
(Reg. No. 0409/2011)

പ്രവാസികളെ ശാക്തീകരിക്കാൻ തിരുവനന്തപുരം മേഖല ഓഫീസിനു കഴിയട്ടെ എന്ന് ഡോ. സിബി മാത്യൂസ് ഐ.പി.എസ് ആശംസിച്ചു. അഡ്വ. ആർ. മുരളീധരൻ, ഡോ.സോണിയ ജോർജ്, ലത്തീഫ് തെച്ചി, ജോസഫ് അതിരുങ്കൽ, പൂവച്ചൽ ഖാദർ എന്നിവരും ആശംസകൾ നേർന്നു.

നോർക്കയിലും അതുപോലെ കേരള പ്രവാസി ക്ഷേമബോർഡിലും 50 ശതമാനം തൊഴിൽ സംവരണം ആവശ്യമാണെന്നാവശ്യപ്പെട്ട് അഡ്വ. ആർ. മുരളീധരൻ അവതരിപ്പിച്ച പ്രമേയം തുടർനടപടികൾക്കായി മുഖ്യമന്ത്രിക്ക് നൽകുന്നതിനും യോഗം തീരുമാനമെടുത്തു. പ്രവാസി ലീഗൽ സെൽ തിരുവനന്തപുരം മേഖല ഓഫിസ് വിലാസം: എ2 ഇ, ക്യാപിറ്റോൾ സെന്റർ, സെക്രട്ടറിയേറ്റിന് എതിർവശം, തിരുവനന്തപുരം. ഫോൺ:9562916653.

# 'യംഗ് ലീഡേഴ്സ് കോൺക്ലേവ് '23' സംഘടിപ്പിച്ചു

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയിലെ ഫിനിഷിംഗ് സ്കൂളായ ഹിൽസിനായിലെ വിദ്യാർഥികൾക്കായി 'യംഗ് ലീഡേഴ്സ് കോൺക്ലേവ് '23' സംഘടിപ്പിച്ചു. ഡിജിറ്റൽ ബ്രിഡ്ജ് ഇന്റർനാഷണൽ മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുറഹ്മാൻ ചാലിൽ ഉദ്ഘാടനം ചെയ്തു.

ചീഫ് ലേണിംഗ് ഓഫീസർ ദിവാഗർ ബാസ്നറ്റ്, അക്കാദമിഷ്യൻ ആഷാ ഫെൻ, സൈക്കോളജി കൺസൾട്ടന്റ് രഞ്ജു പിള്ള, ടെക്-സ്കിൽ ഡയറക്ടർ എഞ്ചിനീയർ മുഹമ്മദ് ഇക്ബാൽ പള്ളിപ്പുറത്ത്, മാർക്കറ്റിംഗ് ഹെഡ് സാക്കിറുല്ല സിദ്ധീഖി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. പ്രിൻസിപ്പൽ രേഷ്മാ ചൗധരി അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ എ.കെ അബ്ദുൽ ഗഫൂർ, ഇ.പി അബ്ദുല്ല, ഡോ. അബ്ദുറഹീം ഫറോക്ക് സംസാരിച്ചു. ടി. സുഹൈൽ മാസ്റ്റർ സ്വാഗതവും അബ്ദുൽ ഹമീദ് അഹ്സനി പാഴൂർ നന്ദിയും പറഞ്ഞു.



കോടിയേരി ബാലകൃഷ്ണൻ സ്മാരക ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ കെ. രമേശനിൽ നിന്ന് ബിനീഷ് കോടിയേരി ഏറ്റുവാങ്ങുന്നു

# കോടിയേരി ബാലകൃഷ്ണൻ സ്മാരക ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ കൈമാറി

ചൊക്ലി : രാമവിലാസം ഹയർ സെക്കണ്ടറി സ്കൂൾ മാനേജർമാരായിരുന്ന സി. കെ.ബാലൻ മാസ്റ്ററുടേയും കെ.പി. സരോജിനിയുടേയും ചരമവാർഷികത്തോടനുബന്ധിച്ച് കോടിയേരി ബാലകൃഷ്ണൻ സ്മാരക ലൈബ്രറിയിലേക്ക് കെ. രമേശൻ പുസ്തകങ്ങൾ കൈമാറി. ബിനീഷ് കോടിയേരി ഏറ്റുവാങ്ങി.

വി.കെ.രാകേഷ്, ടി.ടി. കെ.ശശി, സിറോഷ് ലാൽ ദാമോദരൻ എന്നിവർ സന്നിഹിതരായി.

# ലഹരി മാഫിയകളെ പിടികൂടാൻ ഡ്രോൺ പരിശോധനയുമായി പൊലിസ്



ഇരിട്ടി: വർധിച്ചുവരുന്ന ലഹരി മാഫിയകളെ കൈയോടെ പിടികൂടാനും ഇവരുടെ കണ്ണിയറുക്കാനും ഡ്രോൺ പരിശോധനയുമായി പൊലിസ്. ഇന്നലെ ഇരിട്ടിയിലാണ് പൊലിസിന്റെ ഡ്രോൺ പരിശോധന നടന്നത്.

ലഹരി ഉപയോഗവും വിൽപനയും വർധിച്ചുവരുന്ന സാഹചര്യത്തിലാണ് പൊലിസിന്റെ നേതൃത്വത്തിൽ ഡ്രോണുകൾ ഉപയോഗിച്ച് ഇരിട്ടി ടൗണിലും പരിസരപ്രദേശങ്ങളിലും പരിശോധന നടത്തുന്നത്. കണ്ണൂർ റൂറൽ പൊലിസ് ലഭിച്ച ഡ്രോൺ ഉപയോഗിച്ചാണ് പരിശോധന. ടൗണിൽ സംശയാസ്പദമായ രീതിയിൽ നടക്കുന്നവരേയും ക്ലാസ്സ് കട്ട് ചെയ്ത് കറങ്ങി നടക്കുന്ന വിദ്യാർഥികളേയും ഉൾപെടെ ഡ്രോൺ പരിശോധന വഴി നിരീക്ഷിക്കുമെന്നു പൊലിസ് അറിയിച്ചു. ഇരിട്ടി പൊലിസ് ഇൻസ്പെക്ടർ കെ.ജെ വിനോയി, സബ് ഇൻസ്പെക്ടർ എം. രാജീവൻ, എ.എസ്.ഐ ജിജിമോൻ, സ്ക്വാഡ് അംഗങ്ങളായ പി. അനൂപ്, ഷൗക്കത്ത്, കൃഷ്ണൻ, നിഷാദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.




മിന്നുമണിയുടെ കുടുംബത്തിന് സ്മാർട്ട് ടി.വി കൈമാറുന്നു

# മിന്നുമണിയുടെ കുടുംബത്തിന് സ്മാർട്ട് ടിവി സമ്മാനിച്ച് യൂണിമണി

മാനന്തവാടി: ആദ്യമായി ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിൽ ഇടം പിടിച്ച് ചരിത്രം സൃഷ്ടിച്ച മിന്നും താരമായ കേരള താരം മിന്നുമണിയുടെ കുടുംബത്തിന് സ്മാർട്ട് ടി.വി സമ്മാനിച്ച് പ്രമുഖ ധനകാര്യ സേവന സ്ഥാപനമായ യൂണിമണി. ബംഗ്ലാദേശിനെതിരേയുള്ള ടവന്റി20 പരമ്പരയിലാണ്മിന്നുമണിഇന്ത്യക്കായി അരങ്ങേറ്റം കുറിച്ചത്.

ബംഗ്ലാദേശിനെതിരെയുള്ള രണ്ടാം ടവന്റി20 മൽസരത്തിൽ അൽഭുത പ്രകടനമായിരുന്നു മിന്നുമണി നടത്തിയത്. നാലോവറിൽ 9 റൺസ് മാത്രം വഴങ്ങി രണ്ട് വിക്കറ്റെടുത്തു കേരളത്തിന്റെ താരം.

എന്നാൽ മകളുടെ ക്രിക്കറ്റ് കളി നേരിട്ടോ വീട്ടിലിരുന്ന് ടിവിയിലോ കാണാൻ വയനാട് മാനന്തവാടിയിൽ താമസിക്കുന്ന മിന്നുമണിയുടെ കുടുംബത്തിന് ഇതുവരെ സാധിച്ചിരുന്നില്ല. ഇത് മനസ്സിലാക്കിയാണ് യൂണിമണി സിഇഒ ആർ.കൃഷ്ണന്റെ ഇടപെടലുണ്ടായത്. മാതാപിതാക്കളെ ബംഗ്ലാദേശിലെത്തിച്ച് കളി നേരിട്ട് കാണാൻ അവസരം നൽകാൻ യൂണിമണി ശ്രമിച്ചെങ്കിലും പാസ്പോർട്ട് ഇല്ലാത്തതിനാൽ അത് സാധ്യമായില്ല. തുടർന്ന് യൂണിമണി സോണൽ ഹെഡ് ഉൾപ്പെടെയുള്ളവർ നേരിട്ട് മിന്നുമണിയുടെ വീട്ടിലെത്തിയാണ് ടിവി സമ്മാനിച്ചത്. മിന്നുമണിയുടെ അച്ഛൻ സി.കെ.മണി, അമ്മ വസന്തമണി, മുത്തശ്ശി ശ്രീദേവി എന്നിവരുടെ സാന്നിധ്യത്തിലാണ് ടിവി കൈമാറിയത്.

വളർന്നുവരുന്ന പെൺകുട്ടികൾക്ക് മിന്നുമണി വലിയ പ്രചോദനമാണെന്നും എല്ലാവിധ പിന്തുണയും യൂണിമണിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നും കമ്പനി അറിയിച്ചു. യൂണിമണി വൈസ് പ്രസിഡണ്ടും നോർത്ത് കേരള സോണൽ ഹെഡ്ഡുമായ സുനിൽ ബാബു, അസിസ്റ്റന്റ് വൈസ് പ്രസിഡണ്ടും കോഴിക്കോട് മേഖല തലവനുമായ റിജു എം, സീനിയർ മാനേജറും മാനന്തവാടി ബ്രാഞ്ച് ഹെഡ്ഡുമായ വിഷ്ണു.ടി.എസ്, മാനന്തവാടി ബിഡിഎം സനൂപ്.പി.എസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# മംഗലാപുരത്ത് നിന്നും രാമേശ്വരത്തേക്ക് പുതിയ ട്രെയിൻ

മംഗലാപുരത്ത് നിന്നും രാമേശ്വരത്തേക്ക് പുതിയ ട്രെയിൻ അനുവദിക്കാൻ സെക്കന്തരബാദിൽ ചേർന്ന റെയിൽവെ ടൈംടേബിൾ കമ്മിറ്റി യോഗം റെയിൽവെ ബോർഡിന് ശുപാർശ നൽകി. തിരുവനന്തപുരത്ത് നിന്ന് മധുരയിലേക്കുള്ള അമൃത എക്സ്പ്രസ് രാമേശ്വരത്തേക്ക് നീട്ടാനും യശ്വന്ത്പൂർകണ്ണൂർ എക്സ്പ്രസ് കോഴിക്കോട്ടേക്ക് നീട്ടാനും കമ്മിറ്റി ശുപാർശ ചെയ്തു. റെയിൽവെ ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറക്ക് ഇത് നിലവിൽ വരും.

നേരിട്ട് തീവണ്ടിയില്ലാത്തതിനാൽ കന്യാകുമാരി, കോയമ്പത്തൂർ എന്നിവിടങ്ങളിൽ എത്തിയാൽ മാത്രമേ കേരളത്തിൽ നിന്നുള്ള യാത്രക്കാർക്ക് രാമേശ്വരത്തേക്ക് തീവണ്ടി മാർഗം യാത്ര സാധ്യമായിരുന്നുള്ളൂ. വടക്കേ മലബാറിൽനിന്ന് ബംഗളൂരുവിലേക്ക് കൂടുതൽ തീവണ്ടി വേണമെന്ന ആവശ്യത്തിന്റെ ഭാഗമായാണ് യശ്വന്ത്പൂർ എക്സ്പ്രസ് കോഴിക്കോട്ടേക്ക് നീട്ടുന്നതെന്നും പാസഞ്ചർ അമ്നിറ്റീസ് കമ്മിറ്റി ചെയർമാൻ പി.കെ കൃഷ്ണദാസ് അറിയിച്ചു.

## നഷ്ടപ്പെട്ടു

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി കോം ബിരുദധത്തിന്റെ CLAK BP 0190 എന്ന രജിസ്റ്റർ നമ്പറിലുള്ള ഏപ്രിൽ 2012 കാലയളവിലെ എന്റെ മാർക്ക് ലിസ്റ്റ് നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെകൊടുത്തിരിക്കുന്ന അഡ്രസിൽ ഏഴ് ദിവസത്തിനുള്ളിൽ സമീപിക്കുക. അല്ലാത്തപക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

sneha .k
kozhambalil
vengeri
kozhikkode .673010
ph: 9447339339



## നിര്യാതയായി

പയ്യോളി കൊളാവിപ്പാലം മുനമ്പത്ത് താഴ കുന്നോത്ത് മാതു 96 വയസ്സ് (സോഷ്യലിസ്റ്റ് ) അന്തരിച്ചു. ഭർത്താവ് പരേതനായ കേളപ്പൻ, മക്കൾ: ഭാസ്ക്കരൻ (ജനതാദൾ എൽ.ജെ.ഡി പയ്യോളി മുനിസിപ്പാലറ്റി വൈസ് പ്രസിഡണ്ട്, എച്ച് എം.എസ്. ജില്ലാ കമ്മറ്റി അംഗം), കുഞ്ഞിക്കണാരൻ , രാജൻ കൊളാവിപ്പാലം (എൽ.ജെ.ഡി ജില്ലാ കമ്മിറ്റി അംഗം, ജനതാ പ്രവാസി സംസ്ഥാന സെക്രട്ടറി, കോഴിക്കോട് ജില്ല പ്രവാസി ജനതാ കൾച്ചറൽ സെന്റർ യു.എ.ഇ കമ്മിറ്റി , വടകര എൻ.ആർ.ഐ ഫോറം, ഇന്ത്യൻ റിലീഫ് കമ്മിറ്റി ദുബായ്, പെരുമ പയ്യോളി ഭാരവാഹി എം.ടി. ദാസൻ എക്സ് സർവ്വീസ് മാൻ (ഇ.എം.ഇ )ഇല്ലത്ത് താഴ, ബാങ്ക് റോഡ് കീഴൽ, സരോജിനി, പരേതയായ ജാനു, ചന്ദ്രി, സുധ.

മരുമക്കൾ: കണ്ടോത്ത് നാരായണൻ തിക്കോടി, നാരായണൻ മൂടാടി, സുരേഷ് തയ്യുള്ളയിൽ അടക്കാതെരു വടകര, ശാന്ത തുറയൂർ, പത്മിനി നെല്ല്യാടി, സബിത കെ.പി (പുതുപ്പണം. എസ്.ബി സ്ക്കൂൾ അങ്ങാടിത്താഴ, മുൻ കൗൺസിലർ പയ്യോളി മുനിസിപ്പാലിറ്റി, ബിന്ദുമോൾ പി.എസ് (ജി.എസ്.ടി ഓഫിസ് വടകര.)

# ഇന്ത്യയിൽ റാബിത്വ ഓഫിസ് തുടങ്ങണം: ഡോ. ഹുസൈൻ മടവൂർ

ന്യൂഡൽഹി: ആഗോള മുസ്‌ലിം സംഘടനായ മക്കയിലെ മുസ്‌ലിം വേൾഡ് ലീഗിന് (റാബിത്വതുൽ ആലമിൽ ഇസ്‌ലാമി) ഇന്ത്യയിൽ ഓഫിസ് ആരംഭിക്കണമെന്ന് ഡോ. ഹുസൈൻ മടവൂർ ആവശ്യപ്പെട്ടു. കേന്ദ്ര സർക്കാറിന്റെ അതിഥിയായി ഇന്ത്യ സന്ദർശിക്കുന്ന റാബിത്വ ജനറൽ സെക്രട്ടറി ഡോ. ശൈഖ് മുഹമ്മദ് അബ്ദുൽ കരീം അൽ ഈസയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഹുസൈൻ മടവൂർ ഇക്കാര്യം ആവശ്യപ്പെട്ടത്.

അമേരിക്ക, ഇന്തോനേഷ്യ, ഈജിപ്ത് തുടങ്ങി നാൽപതോളം രാഷ്ട്രങ്ങളിൽ റാബിത്വക്ക് ഓഫീസുകളുണ്ട്. ഐക്യരാഷ്ട്രസഭയിൽ അംഗീകാരമുള്ള റാബിത്വക്ക് നിരവധി ലോക വേദികളിൽ അംഗത്വമുണ്ട്.



ഹുസൈൻ മടവൂർ റാബിത്വ ജനറൽ സെക്രട്ടറി ഡോ. ശൈഖ് മുഹമ്മദ് അബ്ദുൽ കരീം അൽ ഈസയുമായി കൂടിക്കാഴ്ചയിൽ

ഇന്ത്യയുമായുള്ള ലോക ഇസ്‌ലാമിക സമൂഹത്തിന്റെ ബന്ധം ശക്തിപ്പെടുത്താനും ഇന്ത്യൻ ജനതയുടെ സാംസ്കാരികവും വൈജ്ഞാനികവുമായ സംഭാവനകൾ അറബ് സമൂഹത്തിന്ന് പരിചയപ്പെടുത്താനും ഓഫിസ് കൊണ്ട് സാധിക്കുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

# ഹർഷിനയുടെ സമരത്തിന് നേരേ ഇടത്പക്ഷ വനിതാ നേതാക്കൾ മുഖം തിരിക്കുന്നതിൽ ദുരൂഹത: ഷാനിമോൾ ഉസ്മാൻ

സ്ത്രീശാക്തീകരണത്തിന് വേണ്ടി വനിതാ മതിൽ കെട്ടാൻ മുൻകൈ എടുത്ത ഇടത്പക്ഷ വനിതാ നേതാക്കളും സാംസ്ക്കാരിക പ്രവർത്തകരും ഹർഷിനയുടെ സമരപന്തലിലേക്ക് തിരിഞ്ഞ് പോലും നോക്കുന്നില്ല എന്നതിൽ രാഷ്ട്രീയ ദുരൂഹത സംശയിക്കേണ്ടിയിരിക്കുന്നെന്ന് കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതി അംഗവും മുൻ എം.എൽ.എയുമായ ഷാനിമോൾ ഉസ്മാൻ ആരോപിച്ചു. ആരോഗ്യവകുപ്പ് മന്ത്രിയും, ജില്ലാ കലക്ടറും, മേയറും വനിതകളായ നാട്ടിൽ മെഡിക്കൽ അശ്രദ്ധയുടെ ഇരയായി ഒരു വനിതക്ക് 50 ദിവസത്തിലേറെയായി തെരുവിൽ സമരം തുടരേണ്ടി വരുന്നു എന്നത് അങ്ങേയറ്റം ലജ്ജാകരമാണ്. തിടുക്കപ്പെട്ട് സമരപന്തലിലെത്തി ഒന്നാം ഘട്ട സമരം അവസാനിപ്പിക്കാൻ പൊള്ളയായ വാഗ്ദാനങ്ങൾ നൽകിയ ആരോഗ്യ മന്ത്രി വീണ ജോർജ് മുഖ്യമന്ത്രിയുടെ ഉദ്ഘാടനം കഴിഞ്ഞതിൽ




ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിൽ ഷാനിമോൾ ഉസ്മാൻ സംസാരിക്കുന്നു

പിന്നെ ഇങ്ങനെ ഒരു സംഭവം അറിഞ്ഞില്ലെന്ന മട്ടിലാണ്. കൈപ്പിഴ പറ്റിയത് സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രിയിലായതിനാലും, പൊതുജനാരോഗ്യത്തിന്റെ സംരക്ഷകരെന്ന നിലയിലും സംസ്ഥാന സർക്കാർ ഹർഷിനക്ക് നീതി ലഭ്യമാക്കാൻ ഉടൻ ഇടപെടൽ നടത്തണമെന്ന് ഷാനിമോൾ ഉസ്മാൻ പറഞ്ഞു. സമരത്തിന് പൂർണ്ണ പിന്തുണയും വാഗ്ദാനം ചെയ്തു.

ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന്റെ 51ാം ദിവസം കലക്ടറേറ്റിനു മുൻപിൽ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിയ കൂട്ട ഉപവാസം ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അവർ.

# പെണ്ണാർ കനാൽതോടിൽ കരിങ്കൽ ഭിത്തി കെട്ടി, വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം: മാന്നാനം സുരേഷ്

കോട്ടയം: അതിരമ്പുഴ പഞ്ചായത്തിൽ തുടങ്ങുന്ന പെണ്ണാർ കനാൽ തോടിന്റെ ഇരുവശവും കരിങ്കൽ ഭിത്തി കെട്ടി കവണാറ്റിൻകര ചീപ്പുങ്കൽ വരെ വീതി കൂട്ടി ലോറി ഓടുന്ന രീതിയിൽ സഞ്ചാരയോഗ്യമാക്കണമെന്ന് ലോഹ്യ കർമ്മ സമിതി സംസ്ഥാന പ്രസിഡണ്ട് മാന്നാനം സുരേഷ് ആവശ്യപ്പെട്ടു. അതിരമ്പുഴ മുതൽ കവണാറ്റിൻകര ചീപ്പങ്കവരെ പെണ്ണാർ തോടിന്റെ ഇരുവശങ്ങളിലായി താമസിക്കുന്ന ജനങ്ങൾക്ക് ഇത് വളരെ ആശ്വാസകരവും യാത്രയ്ക്ക് സുഖകരവും ആയിരിക്കുമെന്നും അതിരമ്പുഴ പഞ്ചായത്തും, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്തും, സർക്കാർ ജില്ലാ വികസന സമിതിയും, ചേർന്ന് ഈ പെണ്ണാർ കനാൽ തോടിന്റെ ഇരു ഭിത്തി



യും കെട്ടി റോഡ് സഞ്ചാരമാക്കുന്നത് യാഥാർത്ഥ്യമാക്കണമെന്നും മാന്നാനം സുരേഷ് പറഞ്ഞു.

40 വർഷം മുമ്പ് ആലപ്പുഴയിൽ നിന്നും അതിരമ്പുഴയിലേക്ക് ബോട്ട് സർവീസ് ഉണ്ടായിരുന്നതാണ്. ആലപ്പുഴയിൽ നിന്നും മറ്റു പല സ്ഥലങ്ങളിൽ നിന്നും കെട്ടുവള്ളത്തിൽ പലചരക്ക് സാധനങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുള്ളതാണ്. പോളകളാൽ നിറഞ്ഞു , തോടിന്റെ ആഴം കുറയുകയും ചെളികളാൽ നിറഞ്ഞിരിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ആഴം കൂട്ടുകയും ഭിത്തി കിട്ടുകയും ചെയ്താൽ വ്യാപാര വികസനത്തിന് ഒരു പാത ഇവിടെ ഒരുക്കുമെന്നും മാന്നാനം സുരേഷ് പറഞ്ഞു. പ്രസിഡണ്ട് ജിജി ഇടാട്ടുചിറയുടെ അധ്യക്ഷത വഹിച്ചു. ലോഹ്യ കർമ്മ സമിതി അതിരമ്പുഴ പഞ്ചായത്ത് കമ്മിറ്റി യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മാന്നാനം സുരേഷ്. തോമസ് പൊടിമറ്റം, ജോണി ഈടാട്ടിറ, വിപിൻ ജോണി, ഏലമ്മ പൊടിമറ്റം, കുഞ്ഞുമണി ജോർജ്, കുഞ്ഞുമോൾ ജോർജ്, എലിസബത്ത്, വത്സമ്മ, എന്നിവർ പ്രസംഗിച്ചു രാജു തോമസ് സ്വാഗതവും തോമസ് ജേക്കബ് നന്ദിയും രേഖപ്പെടുത്തി.

# കലയ്ക്ക് വേണ്ടി സമർപ്പിക്കപ്പെട്ട അപൂർവ്വ ജൻമങ്ങൾ: കെ.പി.മോഹനൻ എം.എൽ.എ

ചൊക്ലി: കലയുടേയും സംസ്കൃതിയുടെയും പ്രകാശം ചൊരിഞ്ഞ വിളക്ക് മാടങ്ങളാണ് എ.പി.കുഞ്ഞിക്കണ്ണനും, ആർട്ടിസ്റ്റ് നമ്പൂതിരിയെന്നും, കലയ്ക്ക് വേണ്ടി സമർപ്പിക്കപ്പെട്ട അപൂർവ ജൻമങ്ങളാണ് ഇരുവരുടേതെന്നുംകെ.പി.മോഹനൻ എം.എൽ.എ അഭിപ്രായപ്പെട്ടു.മലയാള കലാഗ്രാമം മാനേജിങ്ങ് ട്രസ്റ്റി എ.പി.കുഞ്ഞിക്കണ്ണൻ, മാനേജിങ്ങ് ഡയറക്ടർ ആർട്ടിസ്റ്റ് നമ്പൂതിരി എന്നിവരുടെ വിയോഗത്തിൽ കോടിയേരി ബാലകൃഷ്ണൻ സ്മാരക ലൈബ്രറി സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു എം.എൽ.എ. ഒ.അജിത് കുമാറിന്റെ അദ്ധ്യക്ഷതയിൽ കെ.കെ. മാരാർ, പ്രദീപ് ചൊക്ലി, സുരേഷ് കൂത്തുപറമ്പ്, കെ.പി. വിജയൻ എന്നിവർ സംസാരിച്ചു.

# ഐ.എം.എഫ് 300 കോടി ഡോളർ അനുവദിച്ചു; സാമ്പത്തിക പ്രതിസന്ധിയിൽ പാകിസ്താന് ആശ്വാസം

വാഷിങ്ടൺ ഡി.സി: കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പാകിസ്താന് ആശ്വാസമായി ഐ.എം.എഫിന്റെ സഹായം. 300 കോടി യു.എസ് ഡോളറാണ് പാകിസ്താന് അനുവദിക്കുക. കരാർ പ്രകാരം ഒൻപത് മാസത്തേക്കാകും ഐ.എം.എഫ് സഹായം പാകിസ്താന് ലഭ്യമാകുക. പലിശനിരക്ക് ഉയർത്തൽ, നികുതി വർധിപ്പിക്കൽ തുടങ്ങി കടുത്ത സാമ്പത്തിക നടപടികൾ അംഗീകരിച്ചശേഷമാണ് ഐ.എം.എഫ് പാക്കേജ് പാകിസ്താന് ലഭ്യമായത്.

രാജ്യത്തിന്റെ സാമ്പത്തിക വെല്ലുവിളികൾ നേരിടാൻ ഉതകുന്നതാകും 300 കോടി ഡോളറെന്ന് പ്രധാനമന്ത്രി ഷഹബാസ് ഷെരീഫ് ട്വീറ്റ് ചെയ്തു. സാമ്പത്തികനില മെച്ചപ്പെടുത്താനുള്ള സർക്കാർ




ശ്രമങ്ങളിൽ നാഴികക്കല്ലാണ് തീരുമാനമെന്നും അദ്ദേഹം പറഞ്ഞു. ജൂൺ ആദ്യം 300 കോടി ഡോളർ സഹായവുമായി ബന്ധപ്പെട്ട് പാകിസ്താനും ഐ.എം.എഫും ഉദ്യോഗസ്ഥ തല കരാറിൽ ഒപ്പുവച്ചിരുന്നു. ബോർഡ് അംഗീകാരത്തിനായി കാത്തിരിക്കുകയായിരുന്നു ഇതുവരെ. നീണ്ട ചർച്ചകൾക്ക് ശേഷമാണ് പാപ്പരായ പാകിസ്താന് കടുത്ത ഉപാധികളോടെ സഹായം നൽകാമെന്ന തീരുമാനത്തിൽ ഐ.എം.എഫ് എത്തിയത്.

യു.എ.ഇയും സൗദി അറേബ്യയുമാണ് ഐ.എം.എഫ് സഹായം ലഭ്യമാകുന്നതിനായി പാകിസ്താനെ പിന്തുണച്ചത്. യു.എ.ഇ 100 കോടി ഡോളറും സൗദി 200 കോടി ഡോളറും അനുവദിച്ചിരുന്നു. പാക്സിതാൻ സെൻട്രൽ ബാങ്കിലാണ് ഇരുവരും നിക്ഷേപം നടത്തിയത്. സാമ്പത്തികനില മെച്ചപ്പെടുത്തിയാൽ മാത്രമെ ഐ.എം.എഫ് സഹായം ലഭ്യമാകൂ എന്ന സാഹചര്യത്തിലാണ് ഇരുരാജ്യങ്ങളുടേയും സഹായം പാകിസ്താൻ തേടിയിരുന്നത്. വിദേശനാണ്യ കരുതൽ ധനശേഖരം വർധിപ്പിക്കാനായി ഇരുരാജ്യങ്ങളിൽനിന്നും ധനസഹായം ലഭ്യമായതായി പാക് ധനകാര്യമന്ത്രി ഇഷാഖ് ദർ അറിയിച്ചതിന് പിന്നാലെയാണ് ഐ.എം.എഫ് ബോർഡ് യോഗം കരാർ അംഗീകരിച്ചത്.



മന്ത്രി വി ശിവൻകുട്ടിയുടെ പൈലറ്റ് വാഹനം ഇടിച്ച് തകർന്ന ആംബുലൻസ്

# മന്ത്രി ശിവൻകുട്ടിയുടെ പൈലറ്റ് വാഹനം ഇടിച്ച് ആംബുലൻസ് മറിഞ്ഞു

## രോഗി ഉൾപ്പെടെ അഞ്ച് പേർക്ക് പരുക്ക്

കൊട്ടാരക്കര (കൊല്ലം): മന്ത്രി വി. ശിവൻകുട്ടിയുടെ പൈലറ്റ് വാഹനം ഇടിച്ച് ആംബുലൻസ് മറിഞ്ഞ് രോഗി ഉൾപ്പെടെ അഞ്ചു പേർക്ക് പരുക്കേറ്റു. ആംബുലൻസിൽ ഉണ്ടായിരുന്ന കുടവട്ടൂർ സ്വദേശി ദേവിക, ഇവരുടെ ബന്ധുക്കളായ അശ്വന്ത് കുമാർ, ഉഷാ ബാലൻ, ആംബുലൻസ് ഡ്രൈവർ നെടുമ്പന സ്വദേശി നിധിൻ, പൊലിസ് ജീപ്പിന്റെ ഡ്രൈവർ ബിജുലാൽ എന്നിവർക്കാണ് പരുക്കേറ്റത്. ഇന്നലെ ഉച്ചയ്ക്ക് 1.22ഓടെ കൊട്ടാരക്കര പുലമൺ ട്രാഫിക് ഐലന്റിലായിരുന്നു അപകടം. തിരുവനന്തപുരത്തേക്ക് രോഗിയായ ദേവികയുമായി പോവുകയായിരുന്ന ആംബുലൻസിൽ പൈലറ്റ് വാഹനം ഇടിക്കുകയായിരുന്നു. പരുക്കേറ്റവരെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടെയും നില ഗുരുതരമല്ല. ശൂരനാട് പൊലിസ് സ്റ്റേഷനിലെ ജീപ്പാണ് അപകടത്തിൽപ്പെട്ടത്. പൈലറ്റ് വാഹനത്തിന്റെ അമിത വേഗതയാണ് അപകടകാരണമെന്നാണ് വിവരം. അടൂർ മുതൽ ഈ വാഹനവും മന്ത്രി വാഹനവും അമിതവേഗതയിലായിരുന്നുവെന്ന് പറയുന്നു. അപകട സ്ഥലത്ത് മന്ത്രി ഇറങ്ങിയെങ്കിലും ഉടൻ തന്നെ യാത്ര പുനരാരംഭിക്കുകയായിരുന്നു

## മാല മോഷണം: പ്രതി അറസ്റ്റിൽ

കൂത്തുപറമ്പ്: വയോധികയുടെ മുഖത്ത് മുളക് സ്പ്രേ അടിച്ച് മൂന്നുപവൻ സ്വർണ മാല കവർന്ന കേസിലെ പ്രതി അറസ്റ്റിൽ. പിണറായി വെണ്ടുട്ടായിയിലെ അരുൺ കുമാർ (31) ആണ് അറസ്റ്റിലായത്. പന്നിയോറയിലെ വള്ളുവൻകാട് പറമ്പിൽ കുമ്മക്കരോത്ത് ജാനകിയുടെ സ്വർണമാലയാണ് ഇയാൾ കവർന്നത്. കഴിഞ്ഞ ശനിയാഴ്ച ഉച്ചയ്ക്കായിരുന്നു സംഭവം.

മകൻ ഷാജിയെ അന്വേഷിക്കാനെന്ന വ്യാജേനയാണ് മോഷ്ടാവ് വീട്ടിലെത്തിയത്. മോഷ്ടാവ് ജാനകിയുടെ മുഖത്ത് മുളക് സ്പ്രേ അടിച്ച ശേഷം കഴുത്തിൽ നിന്നു മാല പൊട്ടിച്ച് കടന്നുകളയുകയായിരുന്നു. വിവിധ ഇടങ്ങളിലെ സി.സി.ടി.വി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്.

# തെരുവുനായ: ശാശ്വതപരിഹാരം വേണമെന്ന് സുപ്രിംകോടതി



കേരളത്തിലെ തെരുവുനായ പ്രശ്നത്തിന് ശാശ്വത പരിഹാരം വേണമെന്ന് സുപ്രിംകോടതി. കേരളത്തിലെ തെരുവുനായ്ക്കളെ വേദനാ രഹിതമായി കൊല്ലാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് നൽകിയ ഹരജിയും തെരുവു നായ്ക്കൾ കുട്ടികളെ ആക്രമിക്കുന്നത് ചൂണ്ടിക്കാട്ടി സംസ്ഥാന ബാലാവകാശ കമ്മിഷൻ സമർപ്പിച്ച ഇടപെടൽ ഹരജിയും പരിഗണിക്കവെ ജസ്റ്റിസുമാരായ കെ.ജെ മഹേശ്വരി, കെ.വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് ഈ നിരീക്ഷണം നടത്തിയത്.

ഹരജികളിൽ വിശദമായ വാദം കേൾക്കുന്നതിനായി അടുത്ത മാസം 16ലേക്ക് മാറ്റി. കേരളത്തിൽ തെരുവുനായ ശല്യം രൂക്ഷമാണെന്നും കുട്ടിയെ ആക്രമിച്ചു കൊലപ്പെടുത്തിയെന്നും കണ്ണൂർ ജില്ലാ പഞ്ചായത്തിനുവേണ്ടി അഭിഭാഷകരായ പി.വി സുരേന്ദ്രനാഥും കെ.ആർ സുഭാഷ് ചന്ദ്രനും വാദിച്ചു. തെരുവുനായ്ക്കളെ മൊത്തത്തിൽ കൊല്ലണമെന്നല്ല, ജനനനിയന്ത്രണത്താൽ നിയന്ത്രിക്കാൻ കഴിയാത്ത അപകടകാരികളായ നായ്ക്കളുണ്ട്.

മനുഷ്യരെ അക്രമിക്കുന്ന നായ്ക്കളെ കണ്ടെത്തി കൊല്ലാനാണ് അനുമതി വേണ്ടതെന്നും അഭിഭാഷകർ ബോധിപ്പിച്ചു.

അടുത്തിടെ 11 വയസുകാരന്റെ മരണം ഉൾപ്പെടെ നിരവധി സംഭവങ്ങൾ നായ്ക്കളുടെ ആക്രമണം മൂലം നടന്നിട്ടുണ്ടെന്ന് സംസ്ഥാന ബാലാവകാശ കമ്മിഷനുവേണ്ടി ഹാജരായ അഭിഭാഷകൻ ജെയ്മോൻ ആൻഡ്രൂസ് കോടതിയെ അറിയിച്ചു. കഴിഞ്ഞ ആഴ്ച പോലും കോട്ടയത്ത് നായ്ക്കളുടെ ആക്രമമുണ്ടായി. ഈ പ്രശ്നം കാരണം കോഴിക്കോട്ടെ 6 സ്കൂളുകൾ അടച്ചിട്ടിരിക്കുകയാണെന്നും ജെയ്മോൻ ആൻഡ്രൂസ് ചൂണ്ടിക്കാട്ടി.

എ.ബി.സി ചട്ടങ്ങൾ സംസ്ഥാന സർക്കാർ നടപ്പാക്കാത്തതാണ് കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതിക്ക് കാരണമെന്നായിരുന്നു മൃഗസ്നേഹികളുടെ സംഘടന ഫ്രണ്ട്കോസിന് വേണ്ടി ഹാജരായ മേനക ഗുരുസ്വാമിയുടെ വാദം. കേരളത്തിലെ സാഹചര്യം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്ന് വ്യത്യസ്തമാണെങ്കിൽ അതിന്റെ കാരണം കൂടി പരിശോധിക്കണം. മൃഗങ്ങളുടെ ജനന നിയന്ത്രണ നിയമങ്ങൾ കേരളം പാലിക്കുന്നില്ല.

കേരളത്തിൽ നായ്ക്കൾക്കെതിരെ അഴിച്ചുവിട്ട ക്രൂരതയും ആക്രമണവും സമാനതകളില്ലാത്തതാണെന്നും മൃഗസ്നേഹികളുടെ സംഘടന ചൂണ്ടിക്കാട്ടി.

കേസിൽ കക്ഷി ചേർന്ന മുൻ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം ചില പ്രയോഗിക നിർദേശങ്ങൾ ബെഞ്ചിന്റെ അനുമതിയോടെ കോടതിയിൽ സമർപ്പിച്ചു.

# വീട് പൊളിക്കുന്നതിനിടെ ചുവരിടിഞ്ഞ് രണ്ട് മരണം

പാലക്കാട്: കൊഴിഞ്ഞാമ്പാറയിൽ പഴയ വീട് പൊളിക്കുന്നതിനിടെ ചുവരിടിഞ്ഞുവീണു രണ്ട് യുവാക്കൾ തൽക്ഷണം മരിച്ചു. പെരുവമ്പ് വെള്ളപ്പന പുത്തൻ വീട് ചാമുക്കുട്ടന്റെ മകൻ വിനു (36), പൊൽപ്പുള്ളി വേർകോലി പാലപ്പള്ളം നാരായണന്റെ മകൻ വിനിൽ കുമാർ (32) എന്നിവരാണ് മരിച്ചത്. ഇന്നലെ വൈകിട്ട് മൂന്നരയോടെ കൊഴിഞ്ഞാമ്പാറ ഗവ. ആശുപത്രിക്ക് സമീപമായിരുന്നു സംഭവം. പഴയ വീട് പൊളിച്ചുമാറ്റുന്നതിനിടെ ചുവരിടിഞ്ഞ് രണ്ടുപേരും സ്ലാബിനടിയിൽപ്പെടുകയായിരുന്നു. മൂന്നുപേർ പുറത്തും രണ്ടുപേർ വീടിന് ഉള്ളിലുമായിരുന്നു ജോലിചെയ്തിരുന്നത്. വീടിന് ഉള്ളിലുണ്ടായിരുന്ന രണ്ടുപേരാണ് അപകടത്തിൽപ്പെട്ടത്. ശബ്ദം കേട്ട് മറ്റു തൊഴിലാളികൾ ഓടിയെത്തിയെങ്കിലും പുറത്തെടുക്കുന്നതിന് മുമ്പ് തന്നെ ഇരുവരും മരിച്ചിരുന്നു. മൃതദേഹങ്ങൾ ജില്ലാ ആശുപത്രിയിലെ പോസ്റ്റ് മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.





അനഘ മനോജിന് കെ.പി മോഹനൻ എം.എൽ.എ ഉപഹാരം കൈമാറുന്നു

## അനഘ മനോജിന് അനുമോദനം

ചൊക്ലി ഗ്രാമപഞ്ചായത്ത് ഡ്രാഗൺ ബോട്ട് ലോക ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നു. അനഘ മനോജിന് അനുമോദനം നൽകി. ചൊക്ലി ഗ്രാമപഞ്ചായത്ത് ഹാളിൽ കെ.പി മോഹനൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ബിനീഷ് കോടിയേരി മുഖ്യാഥിതിയായി. പഞ്ചായത്തിനു വേണ്ടിയും വിവിധ ക്ലബ്ബുകൾക്കു വേണ്ടിയും ഉപഹാരങ്ങൾ നൽകി. പ്രസിഡണ്ട് സി.കെ രമ്യ അധ്യക്ഷയായി. വൈസ് പ്രസിഡന്റ് എം.ഒ ചന്ദ്രൻ, ബ്ലോക്ക് മെമ്പർമാരായ ശ്രീനില, ശ്രീജിത്ത്, നിഖിൽ എന്നിവരും കെ.പ്രദീപ്, കെ.പി.വിജയൻ, കെ.എം പവിത്രൻ, പി.കെ. യൂസഫ്, ടി.സി.പ്രദിപൻ സംസാരിച്ചു. കല.ബി സ്വാഗതവും വി.എം. റീത്ത നന്ദിയും പറഞ്ഞു.

# യു.എസ് പ്രകോപനം; ഭൂഖണ്ഡാന്തര മിസൈൽ വിക്ഷേപിച്ച് ഉ. കൊറിയ



യു.എസ് ചാരവിമാനം തങ്ങളുടെ അതിർത്തി ലംഘിച്ചെന്ന ആരോപണത്തിനു പിന്നാലെ ഉത്തര കൊറിയ ഭൂഖണ്ഡാന്തര മിസൈൽ വിക്ഷേപിച്ചു. ജപ്പാൻ, ദക്ഷിണ കൊറിയൻ ഉദ്യോഗസ്ഥരാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. ഒരു മണിക്കൂറോളം ഈ മിസൈൽ പറന്ന ശേഷം ജപ്പാൻ കടലിൽ പതിച്ചെന്നാണ് റിപ്പോർട്ട്. ബുധനാഴ്ച രാവിലെയാണ് വിക്ഷേപണം നടന്നത്. നേരത്തെ ചാരവിമാനം ശ്രദ്ധയിൽപ്പെട്ടാൽ വെടിവച്ചിടുമെന്ന് ഉത്തര കൊറിയ വ്യക്തമാക്കിയിരുന്നു.

എന്നാൽ, ഉത്തര കൊറിയയുടെ ആരോപണം യു.എസ് നിഷേധിച്ചു. അന്താരാഷ്ട്ര നിയമങ്ങൾ പാലിച്ചേ തങ്ങൾ പട്രോളിങ് നടത്താറുള്ളൂവെന്നാണ് യു.എസ് പ്രതികരിച്ചത്. ഉത്തര കൊറിയ പുതിയ ആയുധങ്ങൾ പരീക്ഷിച്ചതോടെ വീണ്ടും കൊറിയൻ ഉപഭൂഖണ്ഡത്തിൽ അസ്വാരസ്യം ഉടലെടുക്കുകയാണ്. ഏതാനും മാസങ്ങളായി ഉത്തര കൊറിയ മിസൈൽ പരീക്ഷണങ്ങൾ നടത്തിയിരുന്നില്ല. 2022 ൽ യു.എസിൽ വരെ എത്തിയേക്കാവുന്ന മിസൈലുകൾ അടക്കം വിക്ഷേപണത്തിൽ ഉത്തര കൊറിയ റെക്കോഡിട്ടിരുന്നു.

യു.എസും ദക്ഷിണ കൊറിയയും സംയുക്ത സൈനികാഭ്യാസം നടത്തിയതിനു പിന്നാലെയാണ് ഉ. കൊറിയ മിസൈൽ പരീക്ഷണങ്ങളുടെ എണ്ണവും കൂട്ടിയത്.

# കൈക്കൂലി കേസിൽ പിടിയിലായ ഡോക്ടർക്കെതിരേ ഇ.ഡി അന്വേഷണം

തൃശൂർ: കൈക്കൂലി കേസിൽ അറസ്റ്റിലായ തൃശൂർ ഗവ. മെഡിക്കൽ കോളജിലെ അസ്ഥിരോഗ വിദഗ്ധൻ ഷെറി ഐസക്കിന്റെ സ്വത്ത് വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് (ഇ.ഡി) അന്വേഷിക്കും. അഞ്ചു ലക്ഷത്തിലധികം രൂപ പിടികൂടിയാൽ വിവരം ഇ.ഡിയെ അറിയിക്കണമെന്നിരിക്കെ ഡോ. ഷെറി ഐസക്കിൽ നിന്ന് കണ്ടെത്തിയ പണമിടപാടുകളുടെ റിപ്പോർട് വിജിലൻസ് ഇ.ഡിക്ക് കൈമാറും. അതോടൊപ്പം വിജിലൻസ് സ്പെഷൽ സെല്ലും കേസ് അന്വേഷിക്കും. പിടിയിലായതിന് പിന്നാലെ പ്രതിയുടെ തൃശൂരിലെ വീട്ടിൽ നിന്ന് 15 ലക്ഷത്തോളം രൂപ വിജിലൻസ് കണ്ടെത്തിയിരുന്നു. ഡോ. ഷെറി ഐസക്കിനെ ജോലിയിൽ നിന്ന് സസ്പെൻഡ് ചെയ്തതായി ആരോഗ്യവകുപ്പ് അറിയിച്ചു. കഴിഞ്ഞ ദിവസമാണ് ശസ്ത്രക്രിയ നടത്താൻ കൈക്കൂലി വാങ്ങവേ ഡോക്ടറെ വിജിലൻസ് കൈയോടെ പിടികൂടിയത്.

### കൊച്ചിയിലെ വീട്ടിലും റെയ്ഡ്

തൃശൂർ: കൈക്കൂലി കേസിൽ പിടിയിലായ ഷെറി ഐസക്കിന്റെ കൊച്ചിയിലെ വീട്ടിലും വിജിലൻസ് റെയ്ഡ് നടത്തി. കഴിഞ്ഞ ദിവസം വൈകുന്നേരം ആറ് മണിമുതൽ പുലർച്ചെ ഒരു മണിയോളം നീണ്ടുനിന്ന പരിശോധനയിൽ ബാങ്ക് പാസ്സ് ബുക്കുകൾ, 50000 രൂപ മൂല്യം വരുന്ന വിദേശ കറൻസികൾ തുടങ്ങിയ കണ്ടെടുത്തു.

## തെരുവു നായയുടെ കടിയേറ്റ് 3 പേർക്ക് പരിക്ക്

തലശ്ശേരി : തെരുവു നായയുടെ കടിയേറ്റ് 3 പേർക്ക് പരിക്ക്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ച് കടിയേറ്റ തമിഴ്നാട് സ്വദേശി കളായമണി (18), നാഗമ്മ ( 40 ) രണ്ടാം ഗെയിറ്റ് സ്വദേശി സദാനന്ദൻ (65) എന്നിവർക്കാണ് പരിക്കേറ്റത്.

ഇവരെ തലശ്ശേരി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിദഗ്ദ ചികിത്സക്കായി സദാനന്ദനെ പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റി.





കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണ പരിപാടിയിൽ മന്ത്രി ജെ. ചിഞ്ചുറാണി സംസാരിക്കുന്നു

# വെറ്ററിനറി മേഖലയിൽ പുതിയ കോളേജ് ഉടൻ: മന്ത്രി ജെ. ചിഞ്ചുറാണി

വെറ്ററിനറി മേഖലയിൽ മൂന്നാമത് ഒരു കോളേജ് കൂടി ഉടൻ തുടങ്ങുമെന്നും ഇതിനായി ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞെന്നും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. വയനാട്, തൃശൂർ മേഖലയിൽ നിന്നും മാറി തെക്കൻ മേഖലക്ക് പ്രയോജനപ്പെടുന്ന രീതിയിലാകും കോളേജ് ആരംഭിക്കുക. ഇതിനായി കൊല്ലം ജില്ലയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. അതേ സമയം എയ്ഡഡ് മേഖലയിൽ ഒരു വെറ്ററിനറി കോളേജ് തുടങ്ങാനായി സർക്കാരിനോട് താൽപര്യം അറിയിച്ചു വന്നവർക്ക് അനുമതി നൽകുന്ന കാര്യവും പരിഗണനയിൽ ഉണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി, പൂക്കോട് വെറ്ററിനറി കോളേജുകളിൽ നിന്നുള്ള 2017 ബാച്ചിലെ വെറ്ററിനറി ബിരുദം പൂർത്തിയാക്കിയ 206 പേർക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കോഴ്സ് പൂർത്തിയാക്കിയ നാലു പേർക്കുമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം തിരുവനന്തപുരത്തു നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി ജെ. ചിഞ്ചുറാണി. പേരൂർക്കട കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഡോ.വി.എം ഹാരിസ് (പ്രസിഡന്റ്, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ) അധ്യക്ഷത വഹിച്ചു. ഡോ.ഹരികുമാർ.ജെ (കെ.എസ്.വി.സി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ) സ്വാഗതം പറഞ്ഞു. മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ. സിന്ധു.കെ, ഡോ. ജിജിമോൻ ജോസഫ്, ഡോ. ആർ. രാജീവ് (എം.ഡി, കെ.എൽ.ഡി ബോർഡ്), ഡോ. എ.എസ്. ബിജുലാൽ (എം.ഡി, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ), ഡോ. എൻ. മോഹനൻ (പ്രസിഡന്റ്, ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കേരള ഘടകം), ഡോ. കെ. ആർ. ബിനു പ്രശാന്ത് ( ചെയർമാൻ, സി.വി. ഇ. സബ് കമ്മിറ്റി, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ ), ഡോ. ഉഷാറാണി. എൻ (ചെയർ പേഴ്സൺ, ഡിസിപ്ലിനറി കമ്മിറ്റി, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ), ഡോ. നൗഫൽ. ഇ.വി (ചെയർമാൻ, ഐ.റ്റി ആൻഡ് ഇൻഫ്രാസ്ട്രക്ചർ സബ്കമ്മിറ്റി, കേരളസ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ), ഡോ. അജിലാസ്റ്റ്. കെ (രജിസ്ട്രാർ, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ ), ഡോ. ബീന.ഡി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

പരിപാടിയോടനുബന്ധിച്ചു നടന്ന കരിയർ ഓറിയന്റേഷൻ പ്രോഗ്രാം അഡീഷണൽ ഡയറക്ടർ ഡോ. വിന്നി ജോസഫ് ഉദ്ഘാടനം ചെയ്തു. ഡോ. സായി പ്രസാദ്. എസ് മോഡറേറ്റർ ആയ ക്ലാസുകൾക്ക് ഡോ. റ്റി.പി. സേതുമാധവൻ ഡോ. അനിൽകുമാർ വി.എ എന്നിവർ നേതൃത്വം നൽകി. ഡോ. ഷൈജു സി.എസ് സ്വാഗതവും ഡോ. ബേബി കെ.കെ നന്ദിയും പറഞ്ഞു.

## നാട്ടിലില്ലാത്ത സംരംഭകരുടെ അക്ഷയ കേന്ദ്രങ്ങൾക്കു പൂട്ട്

ജോലി ആവശ്യാർഥം വിദേശത്തേക്കു പോയ സംരംഭകരുടെ പേരിലുള്ള അക്ഷയ ഇ കേന്ദ്രങ്ങൾക്ക് താഴുവീഴുന്നു. ഇതുസംബന്ധിച്ച് അക്ഷയ ഡയറക്ടർ അനുകുമാരിയുടെ ഉത്തരവിനെ തുടർന്നു ജില്ലാ പ്രൊജക്ട് മാനേജർമാർ നടപടി തുടങ്ങി. വിദേശത്ത് ജോലി ചെയ്യുന്നവരുടെയും സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ഥിരമായോ താൽകാലിക, ദിവസവേതന അടിസ്ഥാനത്തിലോ ജോലി ലഭിച്ചവരുടെയും അക്ഷയ കേന്ദ്രങ്ങൾക്കായി കലക്ടറുമായി ഉണ്ടാക്കിയ കരാർ റദ്ദാക്കാനാണു നിർദേശം. അക്ഷയ സംരംഭകർക്കു സർക്കാർപൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചാൽ കരാർ അടുത്ത ബന്ധുവിന്റെ പേരിലേക്കു മാറ്റാൻ വ്യവസ്ഥയുണ്ട്. എന്നാൽ വിദേശത്ത് ജോലിക്കു പോകുന്നവരുടെ കരാർ ഇത്തരത്തിൽ മാറ്റിനൽകാൻ വ്യവസ്ഥയില്ല. ഇതോടെ അക്ഷയ സംരംഭം തുടങ്ങിയ ശേഷം പ്രവാസികളായി മാറിയവരുടെ അക്ഷയ കേന്ദ്രങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പാലക്കാട് മാത്രം എട്ട് അക്ഷയ സംരംഭകരാണു പ്രതിസന്ധിയിലായത്. ഇവരിൽ ഒരാൾ കോടതിയെ സമീപിച്ചിട്ടുണ്ട്. കാസർകോട്ട് കരാർ റദ്ദാക്കിയ നടപടിക്കു അഞ്ചു സംരംഭകർ കോടതിയിൽ നിന്നു സ്റ്റേ നേടിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അഞ്ചുലക്ഷം മുതൽ 10 ലക്ഷം രൂപ വരെ മുതൽ മുടക്ക് നടത്തിയവരെയാണു കരാർ റദ്ദാക്കുമെന്നുള്ള നോട്ടിസ് അക്ഷയ ജില്ലാ പ്രൊജക്ട് മാനേജർ നൽകിയത്. പലരും ബാങ്കുകളിൽ നിന്നും മറ്റും വായ്പ എടുത്താണു സംരംഭം തുടങ്ങിയത്. വർഷങ്ങൾ പിന്നിട്ടിട്ടും മുതൽ മുടക്കിന്റെ പകുതിപോലും തിരിച്ചുലഭിക്കാത്ത അവസ്ഥയിലാണു പല അക്ഷയ സംരംഭകരും. ലക്ഷങ്ങളുടെ മുതൽ മുടക്കിൽ ആരംഭിച്ച അക്ഷയ കേന്ദ്രങ്ങൾ അടുത്ത ബന്ധുക്കൾക്ക് കൈമാറാൻ സർക്കാർ ജീവനക്കാർക്ക് അവസരമുള്ളതുപോലെ വിദേശത്ത് ജോലി ലഭിച്ചവർക്കും അവസരമൊരുക്കണമെന്നാണ് അക്ഷയ സംരംഭകരുടെ കൂട്ടായ്മയായ അസോസിയേഷൻ ഓഫ് ഐ.ടി എംപ്ലോയിസ് (സി.ഐ.ടി.യു) ആവശ്യം. അക്ഷയ സംരംഭകരുടെ പ്രതിസന്ധിക്കു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് 26 മുതൽ അനിശ്ചിതകാല സത്യഗ്രഹ സമരവും പ്രഖ്യാപിച്ചിട്ടുണ്ട്.

## സി.എ.എ വിരുദ്ധ സമരക്കാർക്കെതിരെ വീണ്ടും നടപടി, വട്ടിയൂർക്കാവ് മുസ്‌ലിം ജമാഅത്ത് ഭാരവാഹികളടക്കം അഞ്ചുപേർക്ക് സമൻസ്

സി.എ.എ വിരുദ്ധ സമരത്തിന്റെ പേരിൽ വട്ടിയൂർക്കാവ് മുസ്‌ലിം ജമാഅത്ത് ഭാരവാഹികളടക്കം അഞ്ചുപേർക്ക് കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ട് സമൻസ്. സ്ഥലം എം.എൽ.എ വി.കെ പ്രശാന്ത്, കെ. മുരളീധരൻ തുടങ്ങിയവർ പങ്കെടുത്ത സമരത്തിനെതിരെയാണ് പൊലിസ് കേസെടുത്തത്. അന്നത്തെ മഹല്ല് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സെക്രട്ടറി, കമ്മിറ്റിയിലെ ഒരംഗം എന്നിവർക്കാണ് സമൻസ് ലഭിച്ചത്. പൊതുനിരത്തിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വിധത്തിൽ ജാഥയോ പ്രകടനമോ നടത്താൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവ് ലംഘിച്ചു, നെട്ടയം ജങ്ഷനിൽ അന്യായമായി സംഘം ചേർന്നു, കാൽനട യാത്രക്കാർക്കും വാഹനയാത്രക്കാർക്കും തടസം സൃഷ്ടിച്ച് പ്രകടനം നടത്തി എന്നീ കുറ്റങ്ങളാണ് ഭാരവാഹികൾക്കുമേൽ ചുമത്തിയാണ് കേസ്.

2020 ജനുവരി 19നായിരുന്നു വട്ടിയൂർകാവ് ജമാഅത്തിന്റെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചത്. നെട്ടയത്തുനിന്ന് വട്ടിയൂർക്കാവിലേക്ക് മാർച്ചും തുടർന്ന് വട്ടിയൂർക്കാവിൽ പ്രതിഷേധ സംഗമവുമാണ് നടന്നത്. പൊലിസ് കേസെടുത്ത കാര്യം ഭാരവാഹികൾ അറിഞ്ഞിരുന്നില്ല. കോടതിയിൽനിന്ന് സമൻസ് ലഭിച്ച കാര്യം പൊലിസ് സ്റ്റേഷനിൽനിന്ന് വിളിച്ചറിയിച്ചപ്പോഴാണ് ഇക്കാര്യം ഭാരവാഹികൾ അറിയുന്നത്.

പൗരത്വ പ്രക്ഷോഭത്തിനെതിരെ എടുത്ത കേസുകൾ പിൻവലിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയിരുന്നെങ്കിലും അത് പാലിക്കപ്പെട്ടില്ലെന്ന് തെളിയിക്കുന്നതാണ് പുതിയ നടപടി.ഗുരുതര ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുമെന്ന് 2021 ഫെബ്രുവരിയിലാണ് സർക്കാർ തീരുമാനിച്ചത്. പൗരത്വപ്രക്ഷോഭത്തിലെ കേസുകൾ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നടപടിക്രമങ്ങൾ അനുസരിച്ച് മാത്രമേ മുന്നോട്ടുപോകാനാവൂ എന്നാണ് കഴിഞ്ഞ ദിവസം മന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞത്.

# ഇന്ത്യൻ ഫുട്ബോൾ താരം സഹൽ വിവാഹിതനായി

കണ്ണൂർ: കേരളാ ബ്ലാസ്റ്റേഴ്സ് യുവതാരം സഹൽ അബ്ദുൾ സമദ് വിവാഹിതനായി. ബാഡ്മിൻറൺ താരം കൂടിയായ റെസ ഫർഹാത്ത് ആണ് വധു.

ബ്ലാസ്റ്റേഴ്സ് ആരാധകർ സമൂഹമാധ്യമങ്ങളിലൂടെ സഹലിൻറെ വിവാഹചിത്രങ്ങൾ പുറത്തുവിട്ടു. ബ്ലാസ്റ്റേഴ്സിൽ സഹലിൻറെ സഹതാരങ്ങളായ രാഹുൽ കെ പി, സച്ചിൻ സുരേഷ് തുടങ്ങിയവർ വിവാഹത്തിന് എത്തിയിരുന്നു. ക്ലബ്ബിലെയും ഇന്ത്യൻ ടീമിലെയും സഹതാരങ്ങൾക്കും സപ്പോർട്ട് സ്റ്റാഫിനുമായി സഹൽ പ്രത്യേകം വിവാഹസൽക്കാരം നടത്തുമെന്നാണ് സൂചന. ഇന്ത്യയുടെ സാഫ് കപ്പ് വിജയത്തിൽ നിർണായക പങ്കുവഹിച്ചതിന് പിന്നാലെയാണ് സഹലിന് വിവാഹത്തിൻറെ ഇരട്ടി മധുരവുമെത്തിയത്. സാഫ് കപ്പ് ഫൈനലിൽ കുവൈറ്റിനെതിരെ ഇന്ത്യക്ക് ലാലിയൻസുവാല ചാംഗ്തേ സമനില ഗോൾ സമ്മാനിച്ചത് സഹലിൻറെ അസിസ്റ്റിൽ നിന്നായിരുന്നു.



ഫുട്ബോൾ താരം സഹൽ അബ്ദുൽ സമദും വധു റെസ ഫർഹാത്തും

നേരത്തെ ട്രാൻസ്ഫർ ജാലകത്തിൽ സഹൽ കേരള ബ്ലാസ്റ്റേഴ്സ് വിട്ടേക്കുമെന്ന വാർത്തകൾ വന്നിരുന്നു. മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് അടക്കമുള്ള ക്ലബ്ബുകൾ സഹലിനായി രംഗത്തുണ്ടെന്നും സൂചനകളുണ്ട്. അതേസമയം, സഹൽ സൗദി പ്രോ ലീഗിലേക്കു പോകുമെന്ന തരത്തിലും റിപ്പോർട്ടുകളുണ്ടായിരുന്നു. നിലവിൽ 2025വരെ സഹലുമായി കേരളാ ബ്ലാസ്റ്റേഴ്സിന് കരാറുണ്ട്. സഹലിനെ സ്വന്തമാക്കണമെങ്കിൽ വൻതുക ട്രാൻസ്ഫർ ഫീ ആയി കേരള ബ്ലാസ്റ്റേഴ്സിന് നൽകേണ്ടിവരും.

രാജ്യത്തെ മികച്ച മധ്യനിര താരങ്ങളിലൊരാളായ സഹൽ 2017ലാണ് കേരളാ ബ്ലാസ്റ്റേഴ്സിൻറെ മഞ്ഞക്കുപ്പായത്തിലെത്തുന്നത്. ക്ലബ്ബിനായി ഏറ്റവും കൂടുതൽ മത്സരം കളിച്ചതിൻറെ റെക്കോർഡ്(97) സഹലിൻറെ പേരിലാണ്. ഐഎസ്എല്ലിൽ ബ്ലാസ്റ്റേഴ്സിനായി പത്തു ഗോളുകളും ഒമ്പത് അസിസ്റ്റുകളുമാണ് സഹലിൻറെ നേട്ടം. ഇന്ത്യൻ കുപ്പായത്തിൽ 30 മത്സരങ്ങളിൽ നിന്ന് മൂന്ന് ഗോളും സ്വന്തമാക്കിയിട്ടുണ്ട്.

## സെർബിയൻ മിഡ്ഫീൽഡർ സഊദി ക്ലബ്ബിലേക്ക്

ഫുട്ബോൾ രംഗത്ത് ആധിപത്യം സ്ഥാപിക്കാനുള്ള സഊദി അറേബ്യയുടെ നീക്കത്തിന്റെ ഭാഗമായി സെർബിയൻ താരവും സഊദി അറേബ്യയിലേക്കെത്തുന്നു. സെർബിയൻ മിഡ്ഫീൽഡർ സെർജി മിലിങ്കോവിച്ച് സാവിച് സഊദിയിലെ പ്രമുഖ ക്ലബ്ബായ അൽ ഹിലാലിലേക്കാണ് എത്തുന്നത്. ഇതോടെ, സഊദി ക്ലബ്ബ് ഫുട്ബോൾ രംഗം കൂടുതൽ ശക്തമായി. പോർച്ചുഗൽ മിഡ്ഫീൽഡർ റൂബൻ നെവ്സ്, ആന്ദ്രെ കാരിലോ, സെനഗൽ ഡിഫൻഡർ കലിഡൗ കൗലിബാലി എന്നിവരടങ്ങിയ അൽ ഹിലാലിന്റെ താരനിരയിലെക്കാണ് മിലിങ്കോവിച്ച് സാവിക് കാൽപന്തുകളിയിലെ ഏറ്റവും പുതിയ വിസ്മയങ്ങൾ തീർക്കാനെത്തുന്നത്. ലാസിയോ ക്ലബ്ബിൽ നിന്നാണ് താരം സഊദിയിലെ അൽഹിലാലിലേക്ക് എത്തുന്നത്.2026 വരെ സാവിക്കിന്റെ കരാർ തുടരുമെന്നാണ് സ്ഥിരീകരണം. നാല് തവണ ഏഷ്യൻ ചാമ്പ്യൻസ് ലീഗ് ജേതാക്കളായ അൽ ഹിലാൽ ക്ലബ്ബ് തങ്ങളുടെ ആധിപത്യം നിലനിർത്താനുള്ള തീരുമാനത്തിന്റെ ഭാഗമായാണ് നീക്കങ്ങൾ. അതേസമയം, എത്രതുകക്കാണ് കരാർ വിശദീകരണമൊന്നും ക്ലബ്ബ് വിട്ടിട്ടില്ല.മെഡിക്കൽ ടെസ്റ്റുകൾ വിജയിച്ചതിന് ശേഷം താരം ഓസ്ട്രിയയിലെ അൽ-ഹിലാലിന്റെ പ്രീ-സീസൺ ക്യാമ്പിൽ ചേരും.

# 'മോട്ടോ വോൾട്ട്' സൂപ്പർ ബൈക്ക് ഷോറൂം കണ്ണൂരിൽ

മഹാവീർ ഗ്രൂപ്പിന്റെ ആദിശ്വർ ഓട്ടോ റൈഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (അഅഞക) കണ്ണൂരിൽ മൾട്ടി ബ്രാൻഡ് സൂപ്പർബൈക്ക് ഫ്രാഞ്ചൈസിയായ മോട്ടോ വോൾട്ടിന്റെ ഷോറൂം ഉദ്ഘാടനം ചെയ്തു. 'ഹയാത്ത് മോട്ടോർ വേൾഡ്' എന്ന ബാനറിന് കീഴിലുള്ള ഈ അത്യാധുനിക ഷോറൂം കണ്ണൂരിലെ തോട്ടട നദാൽ റോഡിലാണ് പ്രവർത്തിക്കുന്നത്.

മോട്ടോ മോറിനി, സോണ്ടെസ്, അടുത്തിടെ പുറത്തിറക്കിയ അന്താരാഷ്ട്ര ബ്രാൻഡായ ക്യുജെ മോട്ടോർ തുടങ്ങിയ സൂപ്പർ ബൈക്ക് ബ്രാൻഡുകളുടെ ആഗോള ശ്രേണി ഇവിടെ പ്രദർശിപ്പിക്കുന്നു. എൻഡ്-ടു-എൻഡ് സെയിൽസ്, സർവീസ്, സ്പെയർ സപ്പോർട്ട് എന്നീ സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. 6,89,000 രൂപ വില മുതൽ ആരംഭിക്കുന്ന മോട്ടോ മോറിനി 650 സി.സി, 3,15,000 രൂപ മുതൽ ആരംഭിക്കുന്ന സോണ്ടെസ് 350 സി.സി, 1,99,000 (എക്സ്-ഷോറൂം, ഇന്ത്യ) രൂപ മുതൽ ആരംഭിക്കുന്ന ക്യുജെ മോട്ടോർ എന്നിവയുടെ വിവിധ മോഡലുകൾ ഇവിടെ ലഭ്യമാണ്.




"ആദിശ്വർ ഓട്ടോ റൈഡ് ഇന്ത്യയിൽ, ഞങ്ങളുടെ ഉപഭോക്താക്കളുമായുള്ള ബന്ധത്തിലൂടെ മൂല്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഞങ്ങളുടെ പ്രധാന ശ്രമങ്ങളിലൊന്ന്. ഈ ദിശയിലുള്ള ഞങ്ങളുടെ പ്രതിബദ്ധത കൂടുതൽ ശക്തിപ്പെടുത്തുന്നതിന്, കണ്ണൂരിൽ മോട്ടോ വോൾട്ട് എന്ന മൾട്ടി-ബ്രാൻഡ് സൂപ്പർബൈക്ക് ഫ്രാഞ്ചൈസിയുടെ ലോഞ്ച് പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

ഈ സമാരംഭം ഞങ്ങളുടെ ബഹുമാനപ്പെട്ട ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെയും വിൽപ്പനയുടെയും സേവന പിന്തുണയുടെയും സമഗ്രമായ ശ്രേണി വിപുലീകരിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇന്ത്യയിലുടനീളമുള്ള മോട്ടോ വോൾട്ട് ഷോറൂമുകൾ ആരംഭിക്കുന്നതിന് പിന്നിലെ ഞങ്ങളുടെ കാഴ്ചപ്പാട്, സൂപ്പർബൈക്ക് പ്രേമികൾക്ക് ആഗോളതലത്തിൽ അറിയപ്പെടുന്ന ബ്രാൻഡുകളും അവയുടെ വിശിഷ്ട ഉൽപ്പന്നങ്ങളും അനുഭവിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുക എന്നതാണ്.' ചടങ്ങിൽ സംസാരിച്ച ആദിശ്വർ ഓട്ടോ റൈഡ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ വികാസ് ജബാഖ് പറഞ്ഞു.

മോട്ടോ വോൾട്ട് ഇന്ത്യയുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഉപഭോക്തൃ അധിഷ്ഠിത സമീപനത്തിലൂടെ എല്ലാ ഉപഭോക്താക്കൾക്കും പ്രശ്നരഹിതവും പ്രീമിയം വിൽപ്പനയും സേവന അനുഭവവും നൽകാൻ ഞങ്ങൾ ലക്ഷ്യമിടുന്നു, കാരണം മോട്ടോ വോൾട്ട് കണ്ണൂരിലെ പ്രൊഫഷണലുകൾക്ക് മികച്ച അനുഭവം നൽകുന്നതിനാണ് കമ്പനി പരിശ്രമിക്കുന്നതെന്ന്.

പുതിയ ഡീലർഷിപ്പ് ലോഞ്ച് ചെയ്യുന്നതിനെ കുറിച്ച് മോട്ടോ വോൾട്ട് ഡീലർ പ്രിൻസിപ്പൽ കണ്ണൂർ മുഹമ്മദ് അനസ് പറഞ്ഞു.

# സിൽവർ ലൈൻ: ഇ. ശ്രീധരൻ നൽകിയ ബദൽ നിർദേശങ്ങൾ സർക്കാർ സജീവമായി പരിഗണിക്കുന്നു

തിരുവനന്തപുരം: സിൽവർ ലൈനിൽ ഇ. ശ്രീധരൻ നൽകിയ ബദൽ നിർദേശങ്ങൾ സംസ്ഥാന സർക്കാർ സജീവമായി പരിഗണിക്കുന്നു. ശ്രീധരൻ നൽകിയ നിർദേശങ്ങൾ കണക്കിലെടുത്ത് നിലവിലുള്ള ഡി.പി.ആറിൽ അടക്കം മാറ്റങ്ങൾ വന്നേക്കും. കേരളത്തിന് അതിവേഗപാത വേണമെന്ന് ഇ. ശ്രീധരൻ തന്നെ വ്യക്തമാക്കിയ നിലക്ക് കേന്ദ്രസർക്കാർ അനുകൂല സമീപനം സ്വീകരിക്കുമെന്നാണ് സംസ്ഥാനത്തിന്റെ പ്രതീക്ഷ. ഇ. ശ്രീധരന്റെ നിർദേശങ്ങളെ പിന്തുണക്കുമെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ ഇന്നലെ വ്യക്തമാക്കിയിരുന്നു.



ഡൽഹിയിലെ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായ കെ.വി തോമസ് രണ്ട് ദിവസം മുമ്പാണ് ഇ. ശ്രീധരനെ പൊന്നാനിയിലെ വസതിയിലെത്തി സന്ദർശിച്ചത്. മുഖ്യമന്ത്രിയുടെ സമ്മതത്തോടെയാണ് ശ്രീധരനെ കാണാനെത്തിയതെന്ന് കെ.വി തോമസ് പറഞ്ഞിരുന്നു. കൂടിക്കാഴ്ചക്ക് പിന്നാലെ ഇ. ശ്രീധരൻ ഒരു റിപ്പോർട്ട് കെ.വി തോമസിന് നൽകുകയും അദ്ദേഹം മുഖ്യമന്ത്രിക്ക് അത് കൈമാറുകയും ചെയ്തിരുന്നു. ഇ. ശ്രീധരൻ നൽകിയ ബദൽ നിർദേശപ്രകാരം സാമ്പത്തിക ചെലവ് ഒരു ലക്ഷം കോടിയാണ്. സ്വകാര്യ വ്യക്തികളിൽനിന്ന് ഭൂമി ഏറ്റെടുക്കേണ്ടിവരില്ല എന്നതിനാൽ അതുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങളുണ്ടാവില്ല.

ഇ. ശ്രീധരനെ പദ്ധതിയിലേക്ക് കൊണ്ടുവന്നാൽ കേന്ദ്രസർക്കാർ അനുകൂല സമീപനമെടുക്കും എന്നാണ് സംസ്ഥാനത്തിന്റെ പ്രതീക്ഷ. പ്രധാനമന്ത്രിയുമായും ബി.ജെ.പി കേന്ദ്ര നേതാക്കളുമായും അടുത്ത ബന്ധമുള്ള വ്യക്തിയാണ് ഇ. ശ്രീധരൻ.






ഐഎസ്ആർഒ ട്വീറ്റ് ചെയ്ത ചിത്രം

## ചന്ദ്രയാൻ 3 നാളെ കുതിക്കും

ഇസ്രോയുടെ ചന്ദ്രയാൻ-3 വിക്ഷേപണത്തിന്റെ കൗണ്ട്ഡൗൺ ഇന്ന് ഉച്ചയ്ക്ക് 2.35ന് തുടങ്ങും. ഭൂമിയിൽ നിന്നു 3,84,000 കിലോമീറ്റർ അകലെയുള്ള ചന്ദ്രനിലെ രഹസ്യങ്ങൾ തേടി വീണ്ടുമൊരു യാത്ര തുടങ്ങുകയാണ്. ചന്ദ്രന്റെ രഹസ്യം തേടിയുള്ള ഇന്ത്യയുടെ മൂന്നാമത്തെ ദൗത്യത്തിനു ലോഞ്ച് ഓതറൈസേഷൻ ബോർഡ് അനുമതി നൽകി.

ചന്ദ്രയാൻ രണ്ടിന് സാധിക്കാത്ത ലക്ഷ്യങ്ങൾ മൂന്നാം ദൗത്യത്തിൽ നേടുമെന്ന പ്രതീക്ഷയിലാണ് രാജ്യം.

ചന്ദ്രയാൻ മൂന്നിൽ ചാന്ദ്ര പര്യവേക്ഷണങ്ങളിൽ ഏറ്റവും നൂതന സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്. സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്ന് നാളെ ഉച്ചയ്ക്ക് 2.35 നാണ് വിക്ഷേപണം.

ലോഞ്ച് വെഹിക്കിൾ മാർക്ക് ത്രീ പരിശോധനകളെല്ലാം പൂർത്തിയാക്കി വിക്ഷേപണത്തിനു തയ്യാറെടുത്തു കഴിഞ്ഞു. ഇന്ത്യൻ ബഹിരാകാശ പര്യവേക്ഷണത്തിലെ ഏറ്റവും കരുത്തുറ്റ റോക്കറ്റ് ലോഞ്ച് വെഹിക്കിൾ മാർക്ക് ത്രീയിലാണ് ചന്ദ്രയാൻ പേടകം ഘടിപ്പിച്ചത്. 16 മിനിറ്റും 15 സെക്കൻഡും കൊണ്ട് ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തുമ്പോൾ പേടകം സ്വതന്ത്രമായി ഭൂമിയെ വലയം ചെയ്യാൻ തുടങ്ങും. അഞ്ചു തവണ ഭൂമിയെ ഭ്രമണം ചെയ്തതിനു ശേഷമായിരിക്കും വീണ്ടും ചന്ദ്രന്റെ കാന്തിക വലയത്തിലേക്കുള്ള യാത്ര.

ചന്ദ്രനിൽ ഭ്രമണപഥം ഉറപ്പിച്ച ശേഷം ഓഗസ്റ്റ് 23 നായിരിക്കും നിർണായകമായ സോഫ്റ്റ് ലാന്റിങ് നടക്കുക.

## ബൾബുകൾ നൽകി വീട്ടമ്മമാരെ പറ്റിച്ചെന്ന് പരാതി

ചെറുപുഴ: ബൾബുകൾ നൽകി ഉപഭോക്താക്കളെ പറ്റിച്ചതായി പരാതി. റീചാർജബിൾ എൽ.ഇ.ഡി ബൾബുകളാണ് ഉപഭോക്താക്കൾക്ക് നൽകിയത്. വൈദ്യുതി നിലച്ചാൽ നാല് മണിക്കൂർ പ്രവർത്തിക്കുന്ന ഇൻവട്ടർ ബൾബാണെന്ന് പറഞ്ഞാണ് ബൾബുകൾ നൽകിയതെങ്കിലും പലതും കത്തുന്നില്ലെന്നാണ് പരാതി. കത്തുന്നവ വൈദ്യുതി നിലയ്ക്കുന്നതോടെ കണ്ണടയ്ക്കുന്ന സ്ഥിതിയാണ്. ചെറുപുഴ പഞ്ചായത്തിലെ പ്രാപ്പൊയിൽ ഭാഗത്താണ് കമ്പനിയുടെ ഏജന്റ് എന്ന് അവകാശപ്പെട്ടയാൾ ഒരു ബൾബിന് 180 രൂപ പ്രകാരം വിതരണം ചെയ്തത്. വൈദ്യുതി മുടക്കത്തിൽ നിന്ന് രക്ഷപ്പെടാൻ പല വീട്ടമ്മമാരും ഒന്നിലേറെ ബൾബുകൾ വാങ്ങി. കുടുംബശ്രീയിലെ ചിലരെ സ്വാധീനിച്ച് കുടുംബശ്രീ യൂനിറ്റുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്തതെന്ന് വീട്ടമ്മമാർ പറഞ്ഞു. എന്നാൽ, പഞ്ചായത്തിനോ കുടുംബശ്രീ സി.ഡി.എസിനോ പങ്കില്ലെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു. ബൾബിന് വാറന്റി ഉണ്ടെന്ന് പറഞ്ഞിരുന്നുവെങ്കിലും വാറന്റി കാർഡ് നൽകാൻ ഏജന്റ് തയാറായില്ല. ബൾബിന്റെ കവറിന് പുറത്ത് കമ്പനിയുടെ വിശദവിവരങ്ങളും ഇല്ല. പരാതി പറഞ്ഞവരോട് കേടായ ബൾബുകൾ ജൂലൈ 10ന് മാറ്റിത്തരാമെന്ന് ഏജന്റ് ഉറപ്പു നൽകിയിരുന്നു. എന്നാൽ ഇതുവരേ മാറ്റി നൽകിയില്ല. ബൾബ് നിർമിക്കുന്ന സ്ഥലത്ത് വെള്ളപ്പൊക്കമാണെന്നും അതിനാലാണ് ബൾബുകൾ മാറ്റി നൽകാൻ കാലതാമസം ഉണ്ടായതെന്നും എത്രയും വേഗം ബൾബുകൾ മാറ്റി നൽകുമെന്നും വിതരണക്കാരൻ പറഞ്ഞു. അതേസമയം, ബൾബുകൾ വേണ്ടെന്നും പണം തിരികെ വേണമെന്നുമാണ് വീട്ടമ്മമാരുടെ ആവശ്യം.

# അൽ നസ്റിന് ഫിഫയുടെ ട്രാൻസ്ഫർ വിലക്ക്

റിയാദ്: അൽനസ്ര് ക്ലബിന് ഫിഫയുടെ ട്രാൻസ്ഫർ വിലക്ക്. പുതിയ താരങ്ങളുമായി കരാറിലെത്തുന്നതിനെയാണ് ഫിഫ വിലക്കിയിട്ടുള്ളത്. പ്രീമിയർ ലീഗ് ക്ലബായ ലെസ്റ്റർ സിറ്റിയുമായുള്ള കരാറിലെ മുഴുവൻ തുക നൽകുന്നതിൽ വീഴ്ച വരുത്തിയതിനാണ് ഫിഫയുടെ നടപടി. മൂന്നു സീസണുകളിലേക്കാണ് വിലക്കേർപ്പെടുത്തിയത്. നൈജീരിയൻ താരം അഹ്മദ് മൂസയെ ലെസ്റ്ററിൽനിന്ന് 14 മില്യൺ യൂറോക്ക് അൽനസ്ര് ക്ലബിലെത്തിച്ചിരുന്നു. ഈ കരാറിലെ ട്രാൻസ്ഫർ ഫീസ് അടച്ചെങ്കിലും കോർട്ട് ഓഫ് ആർബിട്രേഷൻ ഫോർ സ്പോർട്സ് വിധി പ്രകാരമുള്ള അധിക തുക നൽകിയിരുന്നില്ല. 2021ലാണ് ഇതുമായി ബന്ധപ്പെട്ട് ലെസ്റ്റർ നിയമനടപടി സ്വീകരിച്ചത്. 390,000 യൂറോയാണ് സഊദി ക്ലബ് ഇനിയും ലെസ്റ്റർ സിറ്റിക്ക് നൽകാനുള്ളത്. ക്രിസ്റ്റ്യാനോ റൊണാൾഡോയെ ടീമിലെത്തിച്ചതോടെ പേരെടുത്ത അൽ നസ്റ് പുതിയ സീസണിൽ കൂടുതൽ താരങ്ങളെ ലക്ഷ്യമിട്ടിരുന്നു. വിലക്ക് വന്നതോടെ ഈ നീക്കത്തിന് തിരിച്ചടിയായി.

## കടുത്ത കാലാവസ്ഥ; മണാലിയിൽ രക്ഷാദൗത്യം ശ്രമകരമെന്ന് ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി

ഷിംല: പ്രളയക്കെടുതി അഭിമുഖീകരിക്കുന്ന ഹിമാചൽ പ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ നൂറുകണക്കിനാളുകൾ കുടുങ്ങിക്കിടക്കുന്നു. ഇവരെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. കടുത്ത കാലാവസ്ഥമൂലം വ്യോമമാർഗവും റോഡ് മാർ?ഗവുമുള്ള രക്ഷാപ്രവർത്തനം ഏറെ സങ്കീർണമായിരിക്കുകയാണ്.

850 റോഡുകൾ ഇപ്പോഴും അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സ്ഥിതി മെച്ചപ്പെടുന്നതുവരെ ഭൂരിഭാഗം വിനോദസഞ്ചാരികളെയും നിലവിൽ താമസിക്കുന്ന സ്ഥലങ്ങളിൽത്തന്നെ നിർത്താനാണ് തീരുമാനമെന്നാണ് വിവരം.

ലാഹോളിലെ ചന്ദ്രതാലിലും സ്പിതിയിലും കുടുങ്ങിക്കിടക്കുന്ന വിനോദസഞ്ചാരികളെ വ്യോമമാർഗം ഒഴിപ്പിക്കുക എന്നത് ഏറെ വെല്ലുവിളി നിറഞ്ഞ ദൗത്യമാണെന്ന് മുഖ്യമന്ത്രി സുഖ്വീന്ദർ സിങ് സുഖു പറഞ്ഞു. ലോസർ, ചന്ദ്രതാൽ എന്നീ പ്രദേശങ്ങളിൽ സ്ഥിതിഗതികൾ വിലയിരുത്താൻ വ്യോമനിരീക്ഷണം നടത്തിയതായും അദ്ദേഹം പറഞ്ഞു.




ഹിമാചൽ പ്രദേശിലെ സ്ഥിതിഗതികൾ ഉദ്യോഗസ്ഥരുമായി സംസാരിച്ച് വിലയിരുത്തുന്ന മുഖ്യമന്ത്രി സുഖ്വീന്ദർ സിങ് സുഖു

നിലവിലെ സാഹചര്യം വിലയിരുത്താൻ മന്ത്രി ജഗത് സിങ് നേഗിയും സഞ്ജയ് അവസ്തിയും ചന്ദ്രതാലിലെത്തിച്ചേരുമെന്നും സുഖ്വിന്ദർ കൂട്ടിച്ചേർത്തു.

300 ഓളം പേർ ചന്ദ്രതാലിൽ കുടുങ്ങിക്കിടക്കുന്നുണ്ട്. ഇവരിൽ രണ്ട് മുതിർന്നവരും ഒരു പെൺകുട്ടിയുമടക്കം ഏഴ് രോഗികളെ ചൊവ്വാഴ്ച വ്യോമമാർഗം ഭുന്തറിലെത്തിച്ചു. ഇവരിൽ ഭൂരിഭാഗവും വിനോദസഞ്ചാരികളാണ്.

## നടി കങ്കണ റണാവത് ചതിച്ചുവെന്ന ആരോപണവുമായി ബിജെപി നേതാവ്

ബോളിവുഡ് നടി കങ്കണാ റണാവത് കബളിപ്പിച്ചുവെന്ന പരാതിയുമായി ബിജെപി നേതാവായ മായങ്ക് മധൂർ. കങ്കണയുടെ ഏറ്റവും പുതിയ സിനിമയായ തേജസിനെച്ചൊല്ലിയാണ് ആരോപണം ഉയർന്നിരിക്കുന്നത്.

ചിത്രത്തിൽ അഭിനയിപ്പിക്കാമെന്ന വാഗ്ദാനം കങ്കണ പാലിച്ചില്ല. തന്റെ രാഷ്ട്രീയ ബന്ധങ്ങൾ സിനിമയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തിയതിന് ശേഷം ഒഴിവാക്കിയെന്നും മായങ്ക് ആരോപിക്കുന്നു.

മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ, ഇന്ത്യൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് എന്നിവരുൾപ്പെടെ നിരവധി രാഷ്ട്രീയക്കാരുമായി ബന്ധപ്പെടാൻ കങ്കണയെ സഹായിച്ചത് താനാണെന്ന് മായങ്ക് പറയുന്നു.



രാജ്നാഥ് സിങ്ങുമായി രണ്ട് മണിക്കൂർ കൂടിക്കാഴ്ച താൻ സംഘടിപ്പിച്ച് നൽകിയിരുന്നു.എയർഫോഴ്സ് ബേസിൽ 'തേജസ്' സിനിമയുടെ ചിത്രീകരണത്തിന് അനുമതി വാങ്ങാൻ കങ്കണയെ സഹായിക്കുകയും ചെയ്തു.ഇതിനെല്ലാം പകരമായി സിനിമയിൽ ഒരു വേഷം അവർ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഈ വാഗ്ദാനം നടി പാലിച്ചില്ലെന്നാണ് ഇപ്പോൾ ആരോപണം ഉയർന്നിരിക്കുന്നത്. ഒരു എയർ ഫോഴ്സ് പൈലറ്റിന്റെ ജീവിത കഥ പറയുന്ന 'തേജസ്' ഒക്ടോബർ 20ന് റിലീസ് ചെയ്യും.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.